ശിഷ്യനും

വള്ളത്തോൾ

Digitized By Kerala Sahitya Akademi

അഭിവാദ്യം

VALLATHOL GRANDHALAYAM

വള്ളത്തോൾ

Digitized By Kerala Sahitya Akademi

ഒന്നാംപതിപ്പ്
കോപ്പി 1000.

വില പത്തണ.

പകർപ്പവകാശം: സി. നളിനിയ്ക്ക്

പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.

1956 നവമ്പർ.

അച്ചടി:
വള്ളത്തോൾ പ്രിൻറിങ്ങ് & പബ്ലിഷിങ്ങ് ഹൌസ്,
തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

വിഷയാനുക്രമം

1. അഭിവാദ്യം (കാകളി)
2. നവമ്പർ ഏഴ് (കേക)
3. കാററു വീശിത്തുടങ്ങി (കാകളി)
4. വായിച്ചിട്ടില്ല (കേക)
5. പുതിയ കനകാക്ഷരങ്ങൾ (കേക)
6. അഞ്ചാം പിറന്നാൾ (കാകളി)
7. റിററ്സാതടാകം (കേക)
8. മററൊന്നല്ല (കേക)
9. സ്റ്റാലിൻ–ഹാ! (കേക)

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

1. അഭിവാദ്യം

1. പുഷ്പപ്രിയത്തിൽപ്പുകഴ്ന്ന ചീനത്തുകാർ
പൊൽപ്പെൺകിടാങ്ങൾതൻ പൂവൊളിക്കൈകളാൽ
പട്ടണംതോറുമന്നെങ്ങൾക്കു നല്കിയ
പട്ടുപൂച്ചെണ്ടിനാൽപ്പൂജിച്ചിതിന്ത്യയെ!

1953-ൽ ചീനാറിപ്പബ്ളിക്ക് സന്ദർശിച്ച കവി അവിടുത്തെ സർവ്വതോമുഖമായ അഭിവൃദ്ധിയ്ക്കു് അഭിവാദ്യമർപ്പിക്കുന്നു.

1. പുഷ്പപ്രിയ.........ചീനത്തുകാർ—ചീനക്കാരുടെ പുഷ്പപ്രേമം പ്രസിദ്ധം. ചെല്ലുന്നേടത്തൊക്കെ ഞങ്ങൾക്കു (ഇന്ത്യാ പ്രതിനിധികൾക്കു) പെൺകിടാങ്ങളെക്കൊണ്ടു പട്ടു (മൃദുതരമായ) പൂച്ചെണ്ടു തരുവിച്ചു. ആ ബഹുമാനം ഞങ്ങൾക്കുള്ളതല്ല, ഇന്ത്യയ്ക്കുള്ളതാണ്; ചീനക്കാർ സർവ്വദാ ഇന്ത്യയെ ആദരിച്ചുപോരുന്നു. പൂജിക്കുക പൂവുകൊണ്ടാണല്ലോ.

Digitized By Kerala Sahitya Akademi

2. ഇന്നലെത്തേതല്ല ദുർന്നീതിവാഴ്ചയെ
വെന്നാ ചുങ്കോവിന്നൊരന്യയുഗത്തിലായ്:
പട്ടിണിയും ഉയിർപ്പാട്ടും തൊഴിലിൻെറ
പട്ടടത്തിയ്യിൽപ്പതിച്ചു ദഹിച്ചുപോയ്.
വെട്ടുന്ന പാതകൾ, കത്തുന്ന തോട്ടകൾ,
കെട്ടുന്ന പാലങ്ങൾ, കൂററനണകളും—
വിട്ടുപോയ് പ്രത്യാഗമിച്ചു വിഭൂതിയ്ക്കു
കൊട്ടാരമാക്കുകയാണിവർ നാടിനെ!

3. നിന്നാളുകളുടെ നിത്യയത്നങ്ങൾതൻ
മുന്നിലഭിവാദ്യമർപ്പിച്ചിടുന്നു, ഞാൻ.
നാലാണ്ടിനാലല്ലി, നാല്പതാണ്ടാൽ വരും
നാനാഭിവൃദ്ധികൾ നേടി, നീ ചീനമേ?

---

2. ചുങ്കോവ്—ചീനത്തിന്ന് ചീനഭാഷയിലുള്ള പേർ. അന്യയുഗത്തിലാണ്—ഒരു യുഗത്തിന്നുള്ളിൽ വരാവുന്ന വ്യത്യാസമാണ്, റിപ്പബ്ലിക്ക് ഭരണസ്ഥാപനത്തോടുകൂടി നാലുകൊല്ലത്തിന്നുള്ളിൽ, ചീനത്തിന്നു വന്നുചേർന്നത്! പട്ടിണിയും ഉയിർപ്പാട്ടും (കഷ്ടപ്പാടും) തൊഴിലിൻെറ (തൊഴിലിനാൽ കത്തിക്കപ്പെട്ട) പട്ടടത്തീയിൽ ചാമ്പലായി—എല്ലാ സ്ത്രീപുരുഷന്മാർക്കും തൊഴിലുണ്ടായതോടേ ദാരിദ്ര്യവും കഷ്ടപ്പാടും അസ്തമിച്ചു. വിട്ടുപോയ് പ്രത്യാഗമിച്ച വിഭൂതിക്ക്...............നാടിനെ—പണ്ടു വിട്ടുപോയി ഇപ്പോഴം തിരിച്ചെത്തിയ വിഭൂതിയെ (ഐശ്വര്യത്തെ) മണിമേടകളിൽ പ്രതിഷ്ഠിക്കാൻ ഇവർ തെരുതെരെ പണിയെടുക്കുകയാണ്

3. അഭിവാദ്യം അർപ്പിച്ചിടുന്നു ഞാൻ. എന്തുകൊണ്ടാണെന്നു വിവരിക്കുന്നു: നാലാണ്ടിനാലല്ലി...............ചീനമേ. നാലാണ്ടു

Digitized By Kerala Sahitya Akademi

ഇച്ചെയ്തി കണ്ടിട്ടു വീണ്ടുമുയൎന്നിതോ,
പച്ചയുടുപ്പിട്ട നിൻവിചിത്രാദ്രികൾ!
ഗീതയിൽനിന്നുപന്യാസം വിതയ്ക്കട്ടെ
പൂതമാം നാക്കിനാലാഷ്നാടിപ്പൊഴും;
നിന്മണ്ണിലല്ലോ വിളയുന്നു, നിർഭരം
കൎമ്മയോഗത്തിൻ കനകക്കതിരുകൾ!

2

4. വഞ്ചികളിക്കുന്ന നീർപ്പരപ്പിപ്പുറം,
വെൺചെന്താളിനകാൎയ്യാലയമപ്പുറം—

കൊണ്ടാണ്, നാല്പതാണ്ടുകൊണ്ടുണ്ടാക്കാവുന്ന നാനാവിധാഭിവൃദ്ധി ചീനത്തിനു കൈവന്നതു് ആൎക്കു കഴിയും, ഈ നേട്ടത്തെ അത്ഭുതപൂൎവ്വം അഭിവാദ്യംചെയ്യാതിരിക്കാൻ? വീണ്ടും................ വിചിത്രാദ്രികൾ—ഈ അത്ഭുതകൃത്യം കണ്ടിട്ടു പച്ചയുടുപ്പണിഞ്ഞ വിചിത്രപൎവ്വതങ്ങൾ(ചീനരാജ്യത്തു മാമലകൾ വളരെയുണ്ടു്)ക്കു തല വീണ്ടും ഉയൎന്നുവോ എന്നു തോന്നും. ഗീത.......നാടിപ്പൊഴും—ആഷ്നാടു് (ഇന്ത്യക്കാർ) ഇപ്പോഴും പൂത (പരിശുദ്ധ) മായ നാക്കുകൊണ്ടു ഗീതോപന്യാസം വിതച്ചുപോരുന്നു. എന്നാൽ ഗീതയുടെ നാടല്ലാത്ത ചീനത്താണ്, കൎമ്മയോഗത്തിന്റെ കനകക്കതിരുകൾ (നെല്ലും മറവും) ഏറെ കാണപ്പെടുന്നതു്. പ്രസംഗമല്ല, പ്രവൃത്തിയാണു് സമ്പത്തിന്റെ അടിസ്ഥാനം. നാവുകൊണ്ടു വിതച്ചിട്ടു കാൎയ്യമില്ല, കൈകൊണ്ടുതന്നെ വിതയ്ക്കണം!

4. ചീനത്തിന്റെ ബാഹ്യാന്തരപ്രകൃതികളെ വിവരിക്കുന്നു: വഞ്ചി..........അപ്പുറം— ഒരു വശത്തു വഞ്ചികളിക്കാൻ പററിയ വെറുംവെള്ളപ്പരപ്പ്; മറുവശത്തു വെളുത്തവയും ഇട്ടത്തവയുമായ താമരപ്പൂക്കളുടെ കാൎയ്യാലയം (ആപ്പീസ്); ഒരു ഭാഗത്തു കളി, ഒരു ഭാഗത്തു കാൎയ്യം—ഇങ്ങനെയുള്ള സരസ്സുകൾ അഞ്ചുപ

Digitized By Kerala Sahitya Akademi

അഞ്ചുപത്തല്ലി, തിൻവണ്ണം കരകളിൽ–
പ്പിഞ്ചുപുൽപ്പച്ച പുലത്തും സരസ്സകൾ.
ആറുകൾപോലേ വിശാലങ്ങൾ പൊയ്കക;–
ളാറുകളാഴിയ്ക്കു ചേൻറ പുരന്ധ്രിമാർ;
പൂരുഷർക്കൊപ്പ,മങ്ങേതുവകപ്പിലും
ഭാരം വഹിയ്ക്കുന്നു, ഭംഗിയിൽപ്പൌരിമാർ.
ആഹാ പ്രകൃതിതൻ സർഗ്ഗസാമർത്ഥ്യവു–
മാർജ്ജിച്ചിതോ, നീ ശ്രമത്താൽ സ്വാതന്ത്ര്യതേ?
മെത്തിവരുന്നുണ്ട്, ദേഹസൌന്ദര്യവും
പുത്തനാം ചീനത്തു പെണ്ണിനുമാണിനും!

ത്തല്ല, അനേകപ്രദേശങ്ങളിലുണ്ട്; അവയ്ക്കു കരകളിലെ ഇളംപച്ചപ്പുല്ലുകൾ ഒരു നിറപ്പകിട്ടുളവാക്കുന്നു. ആ പൊയ്കകൾ ആറുകൾ (പുഴകൾ) പോലെ പരന്നുകിടക്കുന്നു. ആറ............പുരന്ധ്രിമാർ— നദികൾ ആഴിയ്ക്കു (സമുദ്രത്തിനു) ചേൻറ (അനുരൂപകളായ) പുരന്ധ്രിമാർ (ഭാര്യമാർ) ആകുന്നു. നദികൾ സമുദ്രത്തിൻെറ ഭാര്യമാരാണെന്നു കവിസങ്കേതം. പൊയ്കയ്ക്കു പുഴയുടെ വലുപ്പം, പുഴയ്ക്കു സമുദ്രത്തിൻെറ വലുപ്പം! (യാങ്ട്സീനദിയെയും മററും ഓർക്കുക.) ഇതിനെ വിവരിയ്ക്കുന്നു: പൂരുഷ..............പ്പൌരിമാർ—പുതിയ ഭരണം നിലവിൽ വന്നതോടേ, സ്ത്രീയ്ക്കു പുരുഷനോടൊപ്പം സമത്വം കൈവന്നു. പുരുഷൻ ഏർപ്പെടുന്ന ഏതുതരം തൊഴിലിലും സ്ത്രീയ്ക്കും ഏർപ്പെടാമെന്നായി. സ്വാതന്ത്ര്യത്തിന്നു ശ്രമത്താൽ (പരിശ്രമംകൊണ്ട്) പ്രകൃതിയുടെ (സൃഷ്ടി) സാമർത്ഥ്യവും കൈവരുമോ എന്നു കവി അത്ഭുതപ്പെടുന്നു: പുതിയ (സ്വാതന്ത്ര്യം നേടിയ) ചീനത്തു സ്ത്രീപുരുഷന്മാർക്കു സമൃദ്ധിയോടുകൂടി ദേഹസൌന്ദര്യവും മെത്തി (വർദ്ധിച്ചു)വരുന്നുണ്ട്. അലച്ചിൽ ശമിച്ചപ്പോൾ അഴകു കൂടിത്തുടങ്ങി. സ്വാതന്ത്ര്യത്തിന്ന് എന്തെന്തു സൌഭാഗ്യത്തെ സൃഷ്ടിയ്ക്കാൻ ത്രാണിയില്ല!

Digitized By Kerala Sahitya Akademi

5. ഏറെ നാളായിട്ടെഴുത്തെന്ന ശബ്ദമേ
കേറാതിരുന്ന കുഗ്രാമശതത്തിലും;
പച്ചവിരിച്ച പാടങ്ങളിലൂടെയാ-
സ്സ്വച്ഛപ്പളുങ്കുമെയ്യാളാം സരസ്വതി
ലാത്തിത്തുടങ്ങിയിട്ടുണ്ടു, തണ്ടാരില-
ച്ചാർത്തിലൂടെയൊരു ഹംസി കണക്കിനേ!
വിത്തിറക്കാത്ത തരിശുനിലങ്ങളും
വിദ്യപാകാത്ത മനുഷ്യചിത്തങ്ങളും
ഹൃദ്യകലകൾ കേറാത്ത വേദികളും
തത്ര ചുരുങ്ങിവരുന്നു ദിനേദിനേ.

6. നെപ്പോളിയൻചക്രവർത്തിയൊരിക്കല-
ത്യദ്ഭുതത്തോടെ പറകയുണ്ടായിപോൽ:

---

5. കുഗ്രാമശതം=നൂറുനൂറു ഗ്രാമങ്ങൾ. ഗ്രാമീണർ മുഴുക്കെ നിരക്ഷരരായിരുന്നു. അത്തരം ഗ്രാമങ്ങളിലും ഇന്നു സരസ്വതീ (വിദ്യാദേവത) സഞ്ചരിച്ചുതുടങ്ങിയിരിക്കുന്നു. എന്തുപോലെ? തണ്ടാരിലച്ചാർത്തിലൂടേ (താമരയിലക്കൂട്ടത്തിലൂടേ) ഒരു ഹംസി (അരയന്നപ്പിട)കണക്കിനെ. ഗ്രാമങ്ങളിലും വിദ്യാലയങ്ങൾ ഏപ്പെട്ടുത്തിവരുന്നു. സരസ്വതിയുടെ നിറം പളുങ്കുപോലെ ശുഭ്രമാണെന്നു പ്രസിദ്ധം. വിത്തി.............ദിനേ ദിനേ—കൃഷിയും വിദ്യാഭ്യാസവും കലാ–സംസ്കാരങ്ങളും നാളിൽ നാളിൽ വളർന്നുവരുന്നു. ഇങ്ങനെ ഒരു വമ്പിച്ച പരിവർത്തനം വന്നിരിക്കുന്നു.

6. പണ്ടു നെപ്പോളിയൻചക്രവർത്തി, കടപ്പുതിന്നു മയങ്ങിക്കിടന്ന ചീനത്തെ നോക്കി പറഞ്ഞുവത്രേ: "ഏററവും കരുത്തുള്ള ഒരു ഭീമൻ ഇതാ ഉറങ്ങുകയാണ്"; ഈ ഭീമൻ ഉണർന്നെണീ

Digitized By Kerala Sahitya Akademi

"മത്താന്മാറഞ്ഞുകയാണൊരു ഭീമ; നി-
ശ്ശക്തനാണെന്നാൽജ്ജഗത്തു പകച്ചുപോം!"
അബ്ഭീമ,നിച്ചീനരാജ്യ,മുണർന്നപ്പോ-
ളല്പമോ, കോയ്മകൾക്കുണ്ടായി വിഭ്രമം?
സുപ്രഭാതത്തിൻ പ്രവാളാഭ മൂങ്ങയ്ക്കു
ദുഷ്പ്രേക്ഷ്യമാം കൊലച്ചോരയായ്ത്തോന്നിടാം!

7. ആളുകളൈമ്പതുകോടി;-യവക്കൊക്കെ-
യാളുന്നതാന്ദം, സമാധാനചിന്തകൾ,
നീളില്ലിനിയേറെ, നിൻകെട്ടജീവിതം
ചൂളിപ്പതുങ്ങുന്ന യുദ്ധാനുരാഗമേ!

ററാൽ, ലോകമാകെ പകച്ചുപോകും." ഇത് 'അക്ഷരംപ്രതി വാസ്തവമാണെന്ന് ഇപ്പോഴാം എല്ലാവർക്കും അറിയാമല്ലോ: അബ്ഭീമ..........സംഭ്രമം—അബ്ഭീമനിച്ചീനരാജ്യം, നെപ്പോളിയൻ നാൽ ഭീമത്വം കല്പിക്കപ്പെട്ട ഈ ചീനരാജ്യം ഉണർന്നെണീററപ്പോഴാം, കോയ്മകൾക്കുണ്ടായ സംഭ്രമം (അമ്പരപ്പ്, ഭയം) അല്പമല്ലായിരുന്നുവല്ലോ; അത് ഇന്നും നിലച്ചിട്ടില്ല. സുപ്രഭാത..........തോന്നിടാം—സുപ്രഭാതത്തിൻെറ (നല്ല പുലരിയുടെ) പ്രവാളാഭ (പവിഴത്തുടുപ്പ്) മൂങ്ങയ്ക്കു (കൂമനു) ദുഷ്പ്രേക്ഷ്യമായ (കാണാൻ വയ്യാത്ത) കൊലച്ചോരയായി തോന്നിയേക്കും. ചീനരാജ്യം • അനേകം ആളുകളെ കൊന്നു ചോര ചിന്തിയിട്ടാണ് റിപ്പബ്ളിക്ക് സ്ഥാപിച്ചതെന്നു കുററം പറയുന്ന സാമ്രാജ്യപ്രഭുക്കളെ ഓക്കുക. പുതിയ ചീനത്തിൻെറ നിറം ചെമപ്പ് (കമ്യൂണിസ്റ്റ്) ആണല്ലോ.

7. ചീനത്തിലെ ജനസംഖ്യ അമ്പതു കോടിയാണ്; അവരെല്ലാം ഇന്നു സമാധാനം നിലനിത്തുന്നതിൽ ഉത്സുകരുമാണ്. അതിനാൽ യുദ്ധക്കൊതിക്ക് ഇനി ആയുസ്സ് നീളില്ല. ചൂളി

Digitized By Kerala Sahitya Akademi

ഏന്തില്ല തോക്കവർ സോദരഹത്യയ്ക്കു,
നീന്തിയ്ക്കയില്ലു,ലകത്തെ നിണങ്ങളിൽ,
ഭ്രാന്തിൻെറ പര്യായമാണവ,ക്കാഹവം;
ശാന്തിയവൎക്കിന്നൊരാരാധ്യദേവിതാൻ!

ഫേനഹാസത്തൊടും പൈതങ്ങൾപോലദ്രി-
സാനുവിൽത്തത്തുന്ന നീർച്ചോലകളിലും
നൂനം പ്രതിധ്വനിയ്ക്കുന്നുണ്ടു, നിൻശമ-
ഗാനങ്ങൾ നൂതനചീനസാഹിത്യമേ!

പ്പരങ്ങുന്ന യുദ്ധാനുരാഗം—ഈ യുദ്ധാഭിനിവേശത്തിനു ജനങ്ങളുടെ കൺമുമ്പിൽ നിവൃത്തിനില്ക്കാൻ കെല്പില്ല—ജനങ്ങളുടെ സമാധാനവാഞ്ഛ അത്രയും ശക്തിമത്തായിരിയ്ക്കുന്നു. സോദരഹത്യ=സോദരന്മാരെ കൊല്ലൽ. എല്ലാ രാജ്യത്തുമുള്ള സാമാന്യജനങ്ങൾ സ്വന്തം സഹോദരന്മാരാണെന്ന് അവൎക്കറിയാം. അതുകൊണ്ട് അവർ തമ്മിൽ കൊന്നൊടുക്കാൻ ഇനി തോക്കെടുക്കില്ല; ലോകത്തെ ചോരപ്പുഴകളിൽ നീന്തിയ്ക്കുകയില്ല. ആഹവം (യുദ്ധം) എന്നാൽ ഭ്രാന്താണെന്ന് അവൎക്ക മനസ്സിലായിരിയ്ക്കുന്നു. ശാന്തിയെ(സമാധാനത്തെ)യാണ്, അവർ ആരാധ്യദേവിയായി (പൂജനീയയായി) കരുതുന്നത്. ഫേനഹാസ................ സാഹിത്യമേ—ആധുനികചീനത്തിലെ സാഹിത്യം ശമഗാനങ്ങൾ (സമാധാനഗീതങ്ങൾ) പ്രതിധ്വനിപ്പിയ്ക്കുന്നവയാണ് ആ പ്രതിധ്വനി അദ്രിസാനുവിൽ (മലഞ്ചെരുവുകളിൽ) ഫേനഹാസ (നുരച്ചിരി) ത്തോടെ കുതിച്ചുപായുന്ന പൈതങ്ങൾപോലുള്ള (ചെറിയ നിഷ്കളങ്കമായ) നീർച്ചോലകളിൽപ്പോലും മുഴങ്ങിക്കേൾക്കാം! അങ്ങനെ ജനങ്ങളുടെ സമാധാനവാഞ്ഛ അചേതനവസ്തുക്കളിലെയ്ക്കുകൂടി സംക്രമിച്ചതായി തോന്നും!

Digitized By Kerala Sahitya Akademi

8. ദിനദശകളെധീരമായ്പ്പിന്നിട്ട
ചീനഭൂവിൻ പ്രജായത്തഭരണമേ,
നാലുവയസ്സു തികഞ്ഞ നിനക്കിടി-
വേലാത്ത സൌഭാഗ്യപുഷ്ടിനേരുന്നു ഞാൻ.

---

8. ദീനദശകൾ=കഷ്ടപ്പാടിൻേറതായ കാലങ്ങൾ. ധീരമായ്—പതറിച്ചുകൂടാതെ. ഇരുപതുകൊല്ലക്കാലം ആഭ്യന്തരയുദ്ധത്താലും ലോകമഹായുദ്ധത്താലും മററും തളൎന്നു വശംകെട്ട ചീനം എത്ര ധൈൎയ്യത്തോടുകൂടിയാണ്, അതിനെയെല്ലാം നേരിട്ട്, റിപ്പബ്ലിക്കഭരണം സ്ഥാപിച്ചു, സമൃദ്ധിയും സമാധാനവും കൈവരുത്തിയത്! ഇതു ലോകത്തെ മുഴുവൻ ആശ്ചൎയ്യപ്പെടുത്തിയ, ലോകത്തിൻെറ ശാശ്വതസമാധാനത്തിനുറപ്പായ ഒരു മഹാസംഭവമായിരുന്നു. അതിനെ പരിഗണിച്ചുകൊണ്ട്, ഏഷ്യയിലെ ഈ മഹാരോഗി മഹനീയാരോഗ്യവാനായിത്തീൎന്നതിൽ മനം കളിൎത്ത്, കവി ചീനയിലെ ജനാധിപത്യറിപ്പബ്ലിക്കിന്ന് അഭിവാദ്യമൎപ്പിയ്ക്കുകയും അഭംഗമായ സൌഭാഗ്യമാശംസിയ്ക്കുകയും ചെയ്യുന്നു.

2. നവമ്പർ ഏഴ്

1. ഓരായിരത്തിത്തൊള്ളാ-
യിരത്തിപ്പതിനേഴാ-
യോരു കൃസ്ത്വബ്ദത്തിന്റെ
നവമ്പരേഴാം നാളേ,
'പാരിനെക്കുലുക്കിയ
പത്തുനാളുക'ളിൽ നീ
പാരാതെ വീശിച്ചോരു
വൻകൊടുംകാററാലല്ലോ

---

1. 1917 നവമ്പർ 7-ാംനു ലോകചരിത്രത്തിന്റെ ഗതിയെ മാററിമറിച്ചു: അന്നാണ് മഹത്തായ റഷ്യാരാജ്യത്ത് ഒന്നാമതായി ഒരു സോഷ്യലിസ്റ്റ് ഭരണം സ്ഥാപിക്കപ്പെട്ടത്. അനക്ഷരരും അപരിഷ്കൃതരുമായി കരുതപ്പെട്ടിരുന്ന തൊഴിലാളികൾക്കും കൃഷിക്കാർക്കും മററു കഷ്ടപ്പെടുന്നവർക്കും ഭരണസാരഥ്യം വഹിക്കാൻ കഴിയുമെന്ന് അന്നൊന്നാമതായി ലോകത്തിനു ബോധം വന്നു. ഈ ശശ്വൽസ്മരണീയമായ പ്രധാനദിനത്തിനു കവി സ്വാഗതമോതുകയാണ്. 'പാരിനെക്കുലുക്കിയ പത്തു ദിവസങ്ങൾ'—Ten days that Shook the world എന്ന് ഈ ദിവസങ്ങളെപ്പററി ഇംഗ്ലീ

Digitized By Kerala Sahitya Akademi

ദൂരത്തു പറന്നുപോയ്,
　　　　റഷ്യതൻ കെടുതിയും
ക്രൂരമാം കുനീതിയും,
　　　　വാരററ വറുതിയും.
നിനക്കു വീണ്ടും വീണ്ടും
　　　　സ്വാഗതം, റഷ്യക്കാര–
ജ്ജനതാഭരണത്തെ
　　　　സ്ഥാപിച്ച സുദിനമേ!

2.　　ചോരയിൽ മുക്കിത്തുടു–
　　　　പ്പിച്ചതാണെന്നും മററും
സൈ്വരമായ് പ്പുഴിക്കട്ടേ,
　　　　സ്വജനവിദ്രോഹികഠം,

ഷിൽ പറയാറുണ്ട്. വൻകൊടുംകാററാലല്ലോ—സാധാരണ കൊടുംകാററുകളിൽനിന്നു വ്യത്യാസപ്പെട്ടതാണ് ഇത്: സാധാരണമായി കൊടുംകാററിൽ മനുഷ്യർക്ക് ഉപകാരമുള്ള വസ്തുക്കഠം പലതും നശിച്ചുപോകാറുണ്ട്; എന്നാൽ ഈ കൊടുംകാററിൽ മനുഷ്യരെ കാർന്നുതിന്നിരുന്ന പട്ടിണിയും പഞ്ഞവും അഴിമതിയും മററുമാണ്, വേരററു വീണുപോയത്! വാരററ=വലിയ.

2. സോവിയററ്യൂനിയന്റെ ചെമപ്പുകൊടി മനുഷ്യരെ കശാപ്പുചെയ്ത രക്തംകൊണ്ട് തുടുപ്പിച്ചതാണെന്നുംമററും സ്വജനവിദ്രോഹികഠം (സ്വന്തം ജനങ്ങളെ ഉപദ്രവിക്കുക തൊഴിലാക്കിയിട്ടുള്ള സ്വാർത്ഥതൽപരർ) ജല്പിക്കാറുണ്ടല്ലോ. അതിനുള്ള മറുപടി: എക്കാലത്തും അജ്ഞതയുടെയും അന്ധവിശ്വാസങ്ങളുടെയും കൂരിരുട്ടിനാൽ ചൂഴപ്പെട്ടിരുന്ന പാവങ്ങഠംക്ക് അതൊരു പുതിയ

Digitized By Kerala Sahitya Akademi

കൂരിരുട്ടിനാൽച്ചുററ-
പ്പെട്ട സാധുക്കൾക്കൊരു
ചാരുവാം പുലരിയായ്,
നിൻജയക്കൊടി റഷ്യേ!
അപ്പെരുംപോരാട്ടത്തെ
നിർത്തിസ്സൂയല്ലീ ചെയ്തു
മുല്ലാടി,ത്തുടുകൊടി-
ക്കൂറതൻ കൃപാസ്പന്ദം?

പുലരിയുടെ ആവിർഭാവമായിരുന്നു. അവരുടെ ആശകളുടെയും അഭിമതങ്ങളുടെയും സാക്ഷാൽക്കാരമായിരുന്നു അത്—ലോകത്തിൽ അന്നേവരെ പട്ടിണിയും കഷ്ടപ്പാടുമായി മർദ്ദിതരായിക്കിടന്നിരുന്ന സാധുക്കളുടെ ജയത്തിൻെറ കൊടിക്കൂറയായിരുന്നു! അപ്പെരും.... ....നിർത്തിസ്സൂയല്ലീചെയ്തു—സാമ്രാജ്യവാദികളും അവരുടെ വൈതാളികരും മററും അപവാദം പ്രചരിപ്പിയ്ക്കുന്നപോലെ, മനുഷ്യക്കശാപ്പുകൊണ്ടു നിറം കൂടുതൽ തുടുപ്പിയ്ക്കുയായിരുന്നു ഈ ചെങ്കൊടിയുടെ ലക്ഷ്യമെങ്കിൽ, ലോകത്തെ മുഴുവൻ ചുട്ടുപൊട്ടിച്ചിരുന്ന മഹായുദ്ധത്തെ നിർത്തിയ്ക്കാൻ ഈ ചെങ്കൊടിക്കാർ തുനിയുമായിരുന്നില്ലല്ലോ! മുല്ലാട്=ഒന്നാമതായി. ഒന്നാമതായിച്ചെയ്തത് എന്നു പറഞ്ഞതുകൊണ്ട്, ചെങ്കൊടിഭരണത്തിന്ന് ഇക്കാര്യത്തിലുണ്ടായിരുന്ന ഉൽക്കണ്ഠ വ്യഞ്ജിയ്ക്കുന്നു. യുദ്ധം നീളുന്നതുകൊണ്ട്, വലിയ മനുഷ്യനാശം വന്നുചേരുമല്ലോ എന്ന സമസ്ത്വഷ്ടിസ്നേഹമാണ്, വാസ്തവത്തിൽ യുദ്ധം നിർത്താൻ ആജ്ഞകൊടുക്കുന്നതിന്നു ലെനിനേയും മററും പ്രേരിപ്പിച്ചത് കൃപാസ്പന്ദം=ദയയുടെ മിടിപ്പ്. കൊടിയുടെ ഇളക്കത്തെ ദയയുടെ സ്പന്ദമാക്കിക്കല്പിച്ചിരിയ്ക്കുന്നു. ജർമ്മനിയോടു........സംരക്ഷിച്ചു—മുൻവരിയെത്തന്നെ വിച

Digitized By Kerala Sahitya Akademi

ജമ്മനിയൊട്ട സഖ്യം–
　　ചെയ്തു നീ ജഗജ്ജീവ–
മമ്മങ്ങളൊട്ടക്കററു–
　　പോകാതെ സംരക്ഷിച്ചു.

3. ഭൂരിപക്ഷാരോഗ്യത്തെ–
　　ത്തിന്നുതിന്നോററം തടി–
ച്ചോരുടെ രക്തംകൊണ്ടു
　　കഴുകിത്തുടച്ചാലേ
തീരെ നീങ്ങുകയുള്ളൂ
　　നാടിൻെറയഴുക്കെന്ന–

രിയ്ക്കുന്നു. സോവിയററഗവമ്മേണ്ടു നിലവിൽ വന്നിട്ട് ആദ്യം ചെയ്തത് ലോകമഹായുദ്ധം നിത്താൻ മററു രാഷ്ട്രങ്ങളോടും ലോകജനതയോടും അഭ്യത്ഥിയ്ക്കുകയാണ് റഷ്യ ജമ്മനിയുമായി സന്ധി ചെയ്തു യുദ്ധം നിത്തിച്ചു. ജഗജ്ജീവമമ്മങ്ങൾ=ജഗത്തിൻെറ (ലോകത്തിൻെറ) പ്രാണനാഡികൾ. ആ വിധം അന്നു യുദ്ധം നിത്തിച്ചിരുന്നില്ലെങ്കിൽ, ലോകത്തിൻെറ എല്ലാ പ്രാണനാഡികളും അററു, ലോകം തീരെ നശിയ്ക്കുമായിരുന്നു! ഇതിനെക്കാൾ കൂടുതൽ എന്തു തെളിവു വേണം, ചെങ്കൊടിഭരണത്തിൻെറ സമാധാനേച്ഛ വെളിപ്പെടുത്താൻ?

3. ഭൂരിപക്ഷാരോഗ്യത്തെ.......ത്തുടച്ചാലേ—എന്നുവെച്ച് ഒരെറുമ്പിനേയും ദ്രോഹിച്ചില്ലെന്നും മററും അവകാശപ്പെടുന്നില്ല; ഭൂരിപക്ഷക്കാരായ കഷ്ടപ്പെടുന്നവരുടെ ആരോഗ്യത്തെ കാൻതിന്നു തടിച്ച ഒരു ചെറുന്യൂനപക്ഷത്തെ തെല്ലൊന്നു ദ്രോഹിച്ചിട്ടുണ്ടാവും. അതിന്നുള്ള സമാധാനമിതാണ്: അത്തരം പാപികളുടെ രക്തംകൊണ്ടു കഴുകിത്തുടച്ചാൽ മാത്രമേ, ഈ ലോകത്തിലടിഞ്ഞു

Digitized By Kerala Sahitya Akademi

സ്സാരദർശികരം കണ്ടോ–
    രത്തു നിശ്ശങ്കം ചെയ്തൂർ.
ധീരമാമഹിംസതൻ
    നാടിതുമൊട്ടക്കത്തിൽ–
പ്പൌരാണചരിതമോ–
    ത്തോട്ടോരാശ്വാസം തേടി:
അടിയോളവുമാണ്ട
    മന്ദരഗിരിയാകും
കടകോൽ തെരുതെരെ–
    ത്തിരിയും തിരിച്ചലിൽ
പ്രകടവ്യഥമങ്ങിങ്ങ–
    ലഞ്ഞ തിമിംഗല–
മകരഗ്രാഹാദികരം
    കക്കിയ രകൌതൂഹലത്താൽ

കൂടിയിട്ടുള്ള കടുത്ത മാലിന്യങ്ങരം—പട്ടിണി, വറുതി, രോഗം, അജ്ഞത, അന്ധവിശ്വാസം—എന്നിവ നിശ്ശേഷം നീക്കംചെയ്യാൻ കഴിയൂ! ഈ വാസ്തവം കണ്ടറിഞ്ഞപ്പോരം, ആ സാരദർശികരം(അവർ വെറും വിഡ്ഢികളായിരുന്നില്ല, കാൎയ്യത്തിന്റെ കാതലറിയുന്നവരായിരുന്നു) അതു ചെയ്തു. നിശ്ശങ്കം=സംശയംകൂടാതെ. ആ സമയത്തു സംശയിച്ചുനിന്നാൽ, വലിയ കൎത്തവ്യവിലോപമായേനേ. 'സംശയാത്മാ വിനശ്യതി' എന്നാണല്ലോ ആപ്തവാക്യം. പൌരാണചരിതം=പഴയ ചരിത്രം. അഹിംസയുടെ നാടായ ഭാരതവും ഈ കൎത്തവ്യകൎമ്മത്തെ കണ്ടറിഞ്ഞു. അതിനെച്ചൊല്ലി കേഴുകയല്ല, ആശ്വസിക്കുകയാണ് ചെയ്തത്. പഴയ ചരിത്രം എന്താണെന്നു വിവരിക്കുന്നു: പണ്ടു ദേവന്മാർ അമൃതു കിട്ടാൻ പാൽക്കടലിനെ

Digitized By Kerala Sahitya Akademi

ചെങ്കടലാക്കപ്പെട്ടു
പാല്ക്കടൽ ചെറുതിട;-
യെങ്കിലുമതിൽനിന്ന-
ന്നമൃതു ലഭിച്ചല്ലോ.
ചേർച്ചാലുകളിലൂടെ-
യാണവർ നടന്നതു
തീർച്ച; ചെന്നെത്തിയതോ,
ശ്രേയസ്സിൻ മണിമന്നിൽ!

മന്ദരപർവ്വതമാകുന്ന കടകോൽകൊണ്ടു കടഞ്ഞുതുടങ്ങിയപ്പോൾ, കടലിന്നടിയിലുള്ള തിമിംഗലങ്ങളും മകര(മത്സ്യ)ങ്ങളും ഗ്രാഹങ്ങളും (മുതലകളും) പ്രകടവ്യൂഹം (അഴൽ വെളിപ്പെടുമാറ്) കക്കിയ (ഛർദ്ദിച്ച) രക്തൌഘം (ചോരക്കട്ട)കൊണ്ടു, പാല്ക്കടൽ, തെല്ലിടയ്ക്കു ചെങ്കടലായി മാറി; എങ്കിലും അതു മർത്ത്യരെ അമർത്ത്യരാക്കുന്ന അമൃതു ലോകത്തിന്നു നല്കി. അതുപോലെ റഷ്യൻജനത റഷ്യയാകുന്ന മഹാസമുദ്രത്തെ നവമ്പർവിപ്ലവമാകുന്ന കടകോൽകൊണ്ട് അമൃതലബ്ധിയ്ക്കായി മഥിച്ചപ്പോൾ, ചില ജനദ്രോഹികൾ (തിമിംഗലാദികളെപ്പോലെയുള്ളവർ) ചോര ഛർദ്ദിച്ച്, അതിനെ അല്പം തുടുപ്പിച്ചിരിയ്ക്കാം; എങ്കിലും പാല്ക്കടലിൽനിന്ന് അമൃതു കിട്ടിയപോലെ, ഈ വിപ്ലവത്തിൽനിന്നും റഷ്യയ്ക്ക് അമൃതു (സ്വർഗ്ഗസുഖം) കിട്ടിയല്ലോ.

നവമ്പർവിപ്ലവത്തിന്നുശേഷം സോവിയറ്റ്‌യൂണിയന്നു കൈവന്ന അനന്യസുലഭവും സർവ്വതോമുഖവുമായ അഭിവൃദ്ധി ഈ വാസ്തവത്തെ തെളിയിയ്ക്കാൻ പര്യാപ്തമാണ്. ചേർച്ചാലി.......... മണിമന്നിൽ—വിപ്ലവകാലത്ത്, റഷ്യൻജനതയ്ക്കു ചേർച്ചാലുകളി

Digitized By Kerala Sahitya Akademi

4. നിനക്കു വീണ്ടും വീണ്ടും
സ്വാഗതം, റഷ്യക്കാര-
ജ്ജനതാഭരണത്തെ
സ്ഥാപിച്ച സുദിനമേ!

ലൂടേ (ഹിംസയിലൂടെയും ക്രൂരതയിലൂടെയും മററും) സഞ്ചരിക്കേണ്ടിവന്നിട്ടുണ്ടെന്നതിൽ സംശയമില്ല, എന്നാൽ ചെന്നെത്തിയതു ശ്രേയസ്സിൻെറ മണിമന്നി(രത്നഭൂമിയി)ലാണ്! രത്നം കുഴിച്ചെടുക്കാൻ ചേറിലൂടെയും മററും ഏറെക്കുറെ നടക്കേണ്ടിവരും; എന്നുവെച്ച്, രത്നം കുഴിച്ചെടുക്കേണ്ടെന്നു വെയ്ക്കാമോ?

Digitized By Kerala Sahitya Akademi

3. കാററു വീശിത്തുടങ്ങി

1. ആരിലും വിശ്വാസമില്ലാതെ ഭീതിയാൽ-
പ്പോരിനെസ്സേവിക്കലാണു ശൂരവ്രതം:
പാരിൽ പ്രശാന്തി പടർത്താൻ പണിപ്പെടും
ധീരരോ, ഭീരുക്കൾ—തീർപ്പിട്ടു കോയ്മകൾ!
ഭാവനാശീലർതൻ ബുദ്ധിയത്നങ്ങളാൽ-
ക്കൈവന്ന കൈവന്ന ഭൗതികശക്തിയെ—

---

1. ആരിലും..........ശൂരവ്രതം—ശൂരന്മാരാണ്, എന്നാൽ എല്ലായ്പോഴും എല്ലാവരെയും പേടിയുമാണ്, സാമ്രാജ്യക്കോയ്മകൾക്ക്! ധൈര്യംകാരണം, അവർ എല്ലായ്പോഴും യുദ്ധത്തെത്തന്നെ ധ്യാനിച്ചുകൊണ്ടിരിക്കുന്നു! "പേടിയുള്ളവർ എന്റെ ചുററും വന്നു നില്ക്കട്ടെ" എന്നു പണ്ടാരോ പറഞ്ഞതുപോലെയാണിത്. എന്തൊരു വൈപരീത്യം! പാരിൽ.........കോയ്മകൾ—ഇന്ത്യയെപ്പോലുള്ള രാജ്യങ്ങൾ നിഷ്പക്ഷമായിനിന്ന്, ലോകത്തിൽ ശാന്തി വരുത്താൻ

Digitized By Kerala Sahitya Akademi

ലോകത്തെയാരോഗ്യയുക്തമാക്കാനുപ–
യോഗിക്കുവേണ്ടുമണുദ്രവ്യശക്തിയെ—
വിധ്വംസവേലയ്ക്കുഴിച്ചുവിടുന്നു ഹാ,
കൃത്യയെ മാന്ത്രികർപോലിജ്ജയൈഷികൾ!
മർത്ത്യരെ മർത്ത്യരെക്കൊണ്ടു ചീന്തിയ്ക്കയാ–
ണി,ത്തിരുമേനിമാർക്കോരു കലോത്സവം!

2. ഭൂരിജനങ്ങൾതൻ നിർഭാഗ്യകുക്ഷികൾ
നീറും വിശപ്പിനാലൊട്ടിക്കിടക്കവേ,

ശ്രമിക്കുന്നതു ഭീരുത്വംകൊണ്ടാണെന്നാണ്, ഈ കോയ്മകളുടെ തീരുമാനവും! ഭാവനാശീലർ— ചിന്താശീലരായ ശാസ്ത്രജ്ഞന്മാർ. ലോകത്തെ..............അണുദ്രവ്യശക്തിയെ—ആററംശക്തി ലോകത്തെ എല്ലാത്തരത്തിലും ആരോഗ്യസമ്പന്നമാക്കാൻ പ്രയോജനപ്പെടുമെന്നു ശാസ്ത്രജ്ഞന്മാർ തെളിയിച്ചിട്ടുണ്ട്. അചികിത്സ്യമെന്നു കരുതിപ്പോന്നിരുന്ന പല കഠിനരോഗങ്ങളെ ചികിത്സിച്ചു ഭേദപ്പെടുത്താനും ആററംശക്തി ഉപകരിക്കുമെന്നുള്ളതോർക്കുക. വിധ്വംസവേല =നാശമാകുന്ന തൊഴിൽ. കൃത്യ=പിശാച്. മാന്ത്രികർ=മന്ത്രവാദക്കാർ. മന്ത്രവാദക്കാർ കൊലപ്പിശാചിനെ അയയ്ക്കുന്നതുപോലെ. ജയൈഷികൾ=ജയകാംക്ഷികൾ. എങ്ങനെയായാലും, എന്തു ചെയ്തിട്ടായാലുംവേണ്ടില്ല, തങ്ങൾക്കു ജയിക്കണമെന്നേ ഈ തിരുമേനിമാർക്കു വിചാരമുള്ളു. അതിന്ന് അവർ മനുഷ്യരെ മനുഷ്യരെക്കൊണ്ടു തമ്മിൽത്തമ്മിൽ കടിച്ചുചീന്തിക്കുന്നു. അത് അവർക്ക് ഏററവും ഉല്ലാസകരമായ ഒരു കലോത്സവമാണ്! തിരുമേനിമാർ—പരിഹാസദ്യോതകം.

Digitized By Kerala Sahitya Akademi

ഘോരാഗ്നിഗോളത്തെ വീഴ്പ്പിയ്ക്കുവാൻ പണം
വാരിചിതയ്ക്കുന്നു, സാമ്രാജ്യലോഭികൾ!
ചോറുരുളയ്ക്കായ് മലർത്തിയ കൈകളിൽ–
ക്കുററനാം തീയുണ്ട ചാട്ടമുദാരരേ,
നീയാം തടിത്തിൻ മുകില്ക്കിനി നില്പെത്ര?
വീയാൻ തുടങ്ങി, ശമോദ്യമക്കാററുകൾ!

---

2. ഘോരാഗ്നിഗോളം—ആററം–ഹൈഡ്രജൻ ബോമ്പുകൾ. ഭൂരിപക്ഷം ജനങ്ങളുടെ ഒട്ടിക്കിടക്കുന്ന വയർ തെല്ലു നിറപ്പിയ്ക്കുന്നതിന്ന് അല്പം ആഹാരം കൊടുക്കാൻ ഇവർ ഒരുക്കമില്ല; അതേ സമയത്ത്, സർവ്വനാശകമായ ആററം–ഹൈഡ്രജൻ ബോമ്പുകളുണ്ടാക്കാൻ കോടാനുകോടി ഡോളറും പവനും വാരിക്കോരി ച്ചെലവിടാൻ തെയ്യാറുമാണ്! സാമ്രാജ്യലോഭികൾ=സാമ്രാജ്യക്കൊതിയർ. ചോററ.........ചാട്ടമുദാരരേ—നിങ്ങളുടെ ഔദാര്യം എത്ര ശ്ലാഘ്യമാണ്! ചോററുരുളയ്ക്കുവേണ്ടി മലർത്തുന്ന കൈകളിൽ അതിനെക്കാൾ വലിയ തീയുണ്ടയാണ് ചൊരിയുന്നത്! നീ—ഔദാര്യം. തടിത്ത്=ഇടിമിന്നൽ. ഇടിമിന്നൽ തീ വീഴ്ത്തുമല്ലോ. മുകിൽ=മേഘം, യുദ്ധം. എത്ര നില്പ്—ഏറെ നില്ക്കില്ലെന്നർത്ഥം. എന്തുകൊണ്ടെന്നാൽ, ശമോദ്യമ(സമാധാനപ്രസ്ഥാന)ത്തിന്റെ കാററുകൾ വീശിത്തുടങ്ങിയിരിയ്ക്കുന്നു. വലിയ കാററു വീശിയാൽ മേഘങ്ങൾ ചിതറിപ്പോകുമല്ലോ. അതുപോലെ സമാധാനശ്രമത്താൽ യുദ്ധങ്ങൾ ഇല്ലാതെയാവുകതന്നെ ചെയ്യും.

Digitized By Kerala Sahitya Akademi

4. വായിച്ചിട്ടില്ല

1 പേരാളുമുസ്ബെക-
    സ്ഥാനിലെ മാക്സിം ഗോർക്കി
സ്മാരകമാകുമൊരു
    സുവിശാലാരാമത്തിൽ—
പ്രത്യഹമായിര-
    മാളുകൾ സന്ദർശിക്കും
കൃത്രിമ-സ്വാഭാവിക-
    ശ്രീകൾതൻ തറവാട്ടിൽ—
അന്യത്ര ദുരാപമാം
    മധുരാതിഥ്യം നേടി-

1951-ൽ സോവിയറ്റ്യൂണിയൻ സന്ദർശിച്ചപ്പോൾ, ഉസ്ബെക്കിസ്ഥാനിൽവെച്ച് ഒരു സിനിമ കണ്ടതിനെപ്പറ്റി.

1. സുവിശാലാരാമം=വിശാലമായ തോട്ടം. പ്രത്യഹം= നാൾതോറും. കൃത്രിമ-സ്വാഭാവികശ്രീകൾ— കൃത്രിമഭംഗിയും

Digitized By Kerala Sahitya Akademi

ധന്യങ്ങളായിത്തീൎന്ന
　　ഞങ്ങൾതൻ നയനങ്ങൾ
ഒട്ടൂടത്തൊരു നാട്യ-
　　ശാലതൻ മുററത്തെഴുൽ-
കൃഷ്ടമാം പ്രതിമയെ-
　　സ്സാദരം നുകൎന്നുവോ
ആ രൂപമുജ്ജീവിച്ചു
　　വന്നതാ, ചേഷ്ടിയ്ക്കുന്നു,
ദൂരത്താമൊരാപ്പീസ്സിൽ-
　　സ്സിനിമത്തായിന്മേൽ!
നാലഞ്ചുനൂററാണ്ടിൻ മു-
　　ന്നന്തകക്കരിംതിര-
ശ്ശീലയാൽ മറയ്ക്കപ്പെ-
　　ട്ടോരു മാനുഷൻ ഹാ ഹാ,

സ്വാഭാവികഭംഗിയും അവിടെ ഒന്നിച്ചു വസിയ്ക്കുന്നു. ആ തോട്ടം സന്ദൎശിയ്ക്കാൻ പല രാജ്യങ്ങളിൽനിന്നുമായി നിത്യം ആറായിരം ആളുകൾ ചെല്ലാറുണ്ട്. അന്യത്ര=മറെറാരിടത്ത്. ദുരാപം=ലഭിയ്ക്കാത്തത്. മധുരാതിഥ്യം=തദ്ദൎശനം കണ്ണുകൾക്ക് ഒരാസ്വാദ്യമായ സല്ക്കാരമായിരുന്നു. ഞങ്ങൾ—കവിയും കൂട്ടുകാരും. ഒട്ടു..........നുകൎന്നുവോ—ആ നാട്യശാലയുടെ മുററത്ത് ഒരു പ്രതിമയുണ്ട്; ആ പ്രതിമതന്നെയാണ്, പിന്നീടു സിനിമയുടെ വെള്ളിത്തിരയിൽ കാണമാറായത് നാലഞ്ചു..........മാനുഷൻ—അഞ്ചു നൂററാണ്ടുമുമ്പ് അന്തകന്റെ കരിംതിരശ്ശീലയാൽ മറയ്ക്കപ്പെട്ടു—മരിച്ചുപോയ—ആ മനുഷ്യൻ എങ്ങനെയാണ് പെട്ടെന്ന്

Digitized By Kerala Sahitya Akademi

ഇന്നിപ്പൊളെമ്മട്ടയിർ–
കൊണ്ടു തത്സ്വരൂപനായ്
വന്നെത്തി, സിനിമതൻ
വെൺതിരശ്ശീലപ്പിന്നിൽ?

2. മററന്തു? പണ്ടെന്നോ
മണ്ണടിഞ്ഞ ജനത്തെയും
ചെററുമേ വ്യത്യാസംകൂ-
ടാതനുകരിപ്പതിൽ
ആ റഷ്യാനടക്കുള്ള
പാടവം സജീവനാ–
മാലിഷേർ നെവായിയെ
ഞങ്ങൾക്കു കാട്ടിത്തന്നു!

ഉയിർക്കൊണ്ടു തത്സ്വരൂപത്തിൽ പ്രത്യക്ഷീഭവിച്ചതെന്ന് ആശ്ചര്യം. സിനിമാനടൻെറ അസാമാന്യമായ തന്മയത്വം വ്യഞ്ജിക്കുന്നു.

2. മററന്ത്?—ഇതിൽ ആശ്ചര്യപ്പെടുവാനില്ലെന്ന്. മരിച്ചുപോയ ആളുകളെ തന്മയത്വത്തോടേ അനുകരിച്ചു കാണിക്കുന്നതിൽ, മററന്തിലുമെന്നപോലെ, റഷ്യക്കാക്കുള്ള സാമർത്ഥ്യം അദ്വിതീയമാണ്—ഉസ്ബെക്ക് കവി `ആലിഷെർനെവായിയെ—ഉസ്ബെക്ക് കവിസാർവ്വഭൌമനാണിദ്ദേഹം; മികച്ച പല കാവ്യങ്ങളും എഴുതിയിട്ടുണ്ട്—സിനിമയിൽ തന്മയത്വത്തോടേ കാട്ടിത്തന്നത്. തന്മയ............ദീപംപോലെ—സ്റ്റാലിൻെറയും ലെനിൻെറയും വേഷങ്ങൾ സിനിമയിൽ തന്മയത്വത്തോടേ കണ്ടപ്പോൾ ഉണ്ടായ ദീപ്താശ്ചര്യം (ഉജ്ജ്വലമായ അദ്ഭുതം) ആലിഷെർനെവായി

Digitized By Kerala Sahitya Akademi

ആ വടിവസ്സല്ലാപ,-
മഞ്ജൂാവമെല്ലാംകൊണ്ടു-
മാലിഷെർ നെവായ്താനീ,
നാടകവേഷക്കാരൻ!
തന്മയസ്റ്റാലിൻ-ലെനിൻ
വേഷങ്ങാം സിനിമയിൽ-
സ്സമ്മേളിച്ചതിലെങ്ങാം-
ക്കണ്ടായ ദീപ്താശ്ചര്യം
ആലിഷേർനെവായ്‌വേഷം
കണ്ടപ്പോാം മങ്ങിപ്പോയീ,
വെയിലത്തു വെയ്ക്കപ്പെട്ട
വൈദ്യുതദീപംപോലെ!

3. ആലിഷേർ നെവായ്—തത്സൂ-
ക്തങ്ങളാലുസബെക്കിൽ-

യുടെ വേഷം കണ്ടപ്പോാം, വെയിലത്തുവെച്ച ഇടിത്തീവിളക്ക പോലെ മങ്ങിപ്പോയി—വെയിലത്ത് ഇടിത്തീവിളക്കവെച്ചാൽ ശോഭയുണ്ടാവില്ലല്ലോ. ലെനിനെയും സ്റ്റാലിനെയും ഈ നടന്മാർ നേക്ക കണ്ടിട്ടുള്ളതുകൊണ്ട്, അനുകരിയ്ക്കാൻ അത്ര പ്രയാസമില്ലെന്നു കരുതാം. എന്നാൽ അഞ്ഞൂറാളം ന്യൂറാണ്ടുമുമ്പു മരിച്ചുപോയ ആലിഷെർനെവായിയെ തത്സ്വരൂപത്തിൽ കാണിയ്ക്കുക എന്നത് അത്യധികം ആശ്ചര്യകരമാണല്ലോ.

3. തൽസൂക്തങ്ങാ—അദ്ദേഹത്തിന്റെ കാവ്യങ്ങാം. മുപ്പത്തഞ്ചാം ശതവഷം=ക്രി. പി. 1500-ാം വഷത്തിൽ. പാലൊളിപ്പുകാം—കീത്തി വെളുത്തതാണെന്നു കവിസങ്കേതം. അദ്ദേഹത്തെ

Digitized By Kerala Sahitya Akademi

 പ്പാലൊളിപ്പുകൾ തൂകി,
　　മുവ്വഞ്ചാം ശതവർഷം;
അമ്മഹാകവി സമ-
　　ചിത്തനായ്പ്പെരുമാറി.
സമ്രാട്ടിൻ സഭയിലും,
　　സാമാന്യർക്കിടയിലും
അക്കലാകുശലൻെറ
　　സാഹിതീസുവിലാസ-
മഗ്ര്യയാമുസ്ബെക്ക
　　ഭാഷതൻ ഭാഗ്യോല്ലാസം!

4. 　നാട്യാദികലകളിൽ,-
　　കൃഷിയിൽ,കൈവേലയിൽ,
നാട്ടാർതൻ ചിരൈക്യത്തിൽ,
　　നവ്യവിജ്ഞാനങ്ങളിൽ—

രാജാവും സാമാന്യജനങ്ങളും ഒരുപോലെ മാനിച്ചിരുന്നു; അദ്ദേഹം യാതൊരു ഭാവഭേദവും കൂടാതെയാണ്, രണ്ടു കൂട്ടരുടെയും ഇടയിൽ പെരുമാറിപ്പോന്നത്. സാഹിതീസുവിലാസം=സാഹിത്യകേളി. അഗ്ര്യ=ശ്രേഷ്ഠ. അത് ഉസ്ബെക്ക് ഭാഷയുടെ ഭാഗ്യോല്ലാസമായിരുന്നു. ആലിഷേർനെവായ് 'ലൈലാ മജ്നു' തുടങ്ങിയ മഹത്തരങ്ങളായ ചില കാവ്യങ്ങൾ എഴുതിയിട്ടുണ്ട്. ഉസ്ബെക്ക് ഭാഷയുടെ ജനയിതാവെന്നാണ്, അദ്ദേഹത്തെ ശരിക്കു പറയേണ്ടത്.

4. റഷ്യൻവിപ്ലവത്തിനുമുമ്പ് ഉസ്ബെക്ക്സ്ഥാനിൽ അക്ഷരജ്ഞാനവും മറ്റും എത്രയോ ലഘുവായിരുന്നു. വിപ്ലവത്തിനുശേഷം, റഷ്യയിലെ ഏഷ്യൻ റിപ്പബ്ളിക്കുകളിൽ സർ

Digitized By Kerala Sahitya Akademi

ഏതിൽ, നിന്നു സബെക-
    സ്ഥാനിനിന്നുള്ള ഭാ-
വേ, ഷ്യയെപ്പുണന്നു നി-
    ല്ക്കുന്ന യൂറോപ്പാം റഷ്യേ?
നരരൊന്നരക്കോടി
    മേവുമേഷ്യാംശ, മിതു,
ഭരണം പ്രജായത്തം,
    സോവിയററിൻകീഴിൽ
ക്കൂറുകാരാണിതെന്നു-
    മെന്തിലും യൂറോപ്യക്ക
ന്നൂററിൽ നാല്പതുവീതം
    വരുന്ന മുസൽമാന്മാർ:

തോമുഖമായ അഭിവൃദ്ധികൊണ്ടു മുന്നിൽനില്ക്കുന്ന ഒന്നാണ് ഉസ്ബെക്കിസ്ഥാൻ. ഏഷ്യയെപ്പുണന്ന്.........റഷ്യ—മററു യൂറോപ്യൻരാജ്യങ്ങളും ഏഷ്യൻരാജ്യങ്ങളും തമ്മിലുള്ള ബന്ധമല്ല, ഉസ്ബെക്കിസ്ഥാനും റഷ്യയും തമ്മിലുള്ളത്. ആ ബന്ധം എത്രയോ സൌഹാർദ്ദമസൃണമാണെന്നു പ്രസ്തുത വരികാം സൂചിപ്പിക്കുന്നു. ഭരണം പ്രജായത്തം............കീഴിൽ—സോവിയററു യൂനിയനിലെ റിപ്പബ്ളിക്കുകാംക്ക സ്വയംനിർണ്ണയാവകാശം—വേണമെങ്കിൽ വിട്ടുപോകാമെന്ന വ്യവസ്ഥ—ഉംപ്പെടെയുള്ള പരിപൂർണ്ണസ്വാതന്ത്ര്യമുണ്ട്. നാല്പതുവീതം വരും..........ഇവിടത്തെ ജനസംഖ്യയിൽ നാല്പതു ശതമാനം മുസ്ലിമുകളാണ്—ഇവർ റഷ്യക്കാരുമായി വക്കാണം കൂട്ടുന്നില്ല, എന്നല്ല, റഷ്യക്കാരുടെ എല്ലാ പ്രവൎത്തനങ്ങളിലും സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്നുണ്ട്. മത

Digitized By Kerala Sahitya Akademi

ഇന്ത്യയെ സ്വൈരം വീതി-
ച്ചെടുത്ത മുസ്ലീംലീഗിൻ
ഗ്രന്ഥങ്ങൾ വായിച്ചിട്ടി-
ല്ലി, മുസ്ലീം സമുദായം!

വിശ്വാസം അവരെ അന്ധരാക്കിയിട്ടില്ല. എല്ലാവരും എല്ലാവർക്കുംവേണ്ടി എന്ന മഹനീയമായ സോഷ്യലിസ്റ്റ് തത്വം കൈക്കൊള്ളുകയും നടപ്പിൽ വരുത്തുകയും ചെയ്യുവെന്നതാണ്, ഈ സഹായസഹകരണങ്ങൾക്കടിസ്ഥാനം. ഇന്ത്യയെ.........മുസ്ലീംസമുദായം—ഇന്ത്യയിലെ മുസൽമാന്മാരുടെ പ്രാതിനിധ്യം വഹിച്ചിരുന്ന മുസ്ലീംലീഗ് ഇന്ത്യയെ ഹിന്ദു ഇന്ത്യ എന്നും മുസ്ലീം ഇന്ത്യ എന്നും പറഞ്ഞു വിഭജനത്തിനു മുസ്ലീംകളെ ഒരുക്കുകയാണല്ലോ ചെയ്തത്. ഈ വിഭജനവാസന ഉസ്ബെക്കിസ്ഥാനിലെ മുസ്ലീമുകൾക്കുണ്ടായില്ല.

Digitized By Kerala Sahitya Akademi

5. പുതിയ കനകാക്ഷരങ്ങൾ

1. പണ്ടു പിക്കിംഗിൽക്കടൽ–
 ത്തീരത്തു വിദഗ്ദ്ധരെ–
ക്കൊണ്ടു തീർപ്പിയ്ക്കപ്പെട്ട
 പൊന്നുകൊട്ടാരങ്ങളിൽ
ചിത്രങ്ങളെഴുതിപ്പാ–
 നാനീതനായ കലാ–
കൃത്തോടു ചോദിച്ചാൻപോൽ,
 ചീനമാം വിണ്ണിൻശക്രൻ:–

---

1. ചിത്രങ്ങളെഴുതിയ്ക്കാൻ—അന്നു കൊട്ടാരങ്ങളിലെ ചുമരിന്മേലും മററും ചിത്രങ്ങളെഴുതിയ്ക്കുക പതിവായിരുന്നു. ആനീതൻ=കൊണ്ടുവരപ്പെട്ടവൻ. കലാകൃത്ത്=കലാകാരൻ, ചിത്രമെഴുത്തുകാരൻ. ചീനമാം വിണ്ണിൻ ശക്രൻ=ചീനമാകുന്ന സ്വർഗ്ഗത്തിന്റെ ഇന്ദ്രൻ (ചക്രവർത്തി). മാതൃക............വേണമോ?—കൊട്ടാരത്തിൽ അപൂർവ്വമാതൃകകളനുസരിച്ചാണല്ലോ, ചിത്രപ്പണി വേണ്ടതെന്നായിരുന്നു, ചക്രവർത്തിയുടെ വിചാരം. ആ കലാകാരൻ ഇതിന്നു മറുപടി പറഞ്ഞതാകട്ടേ, ''സാധുവേലക്കാർ സഞ്ചരിയ്ക്കുന്ന ഈ നിരത്തുകൾ മതി, മാതൃകയ്ക്കു'' എന്നാണ്. ഈ നിരത്തുകളിലും

Digitized By Kerala Sahitya Akademi

"മാതൃകയേതാനും തേ
വേണമോ?" ചൊന്നാനായാൾ
"സാധുവേലക്കാർ പോക-
മി നിരത്തുകൾ പോരും."
ശങ്കിച്ചു സാമ്രാട്ടെ,"ന്ത-
ക്കാഴ്ചയിലൊരു സുഖം?"
"എങ്കിലുമതാണല്ലോ,
ജീവിത"മെന്നാൻ പ്രാജ്ഞൻ.

2. കടലിൻകയത്തിലോ
മറ്റൊങ്ങാനുമോ പൂഴ്ന്നു
കിടന്ന സുഭാഷിത-
മതിതാ നൂർന്നൂറാണ്ടാൽ
പ്രത്യുദ്ധരിക്കപ്പെട്ടു:
കണ്ടെത്തിയല്ലോ ചീന-
മധ്യാനിപ്പവരുടെ
ജീവിതമാർഗ്ഗങ്ങളെ!

അതിന്നു ചുറ്റുമാണ് പാവപ്പെട്ട വേലക്കാർ ജീവിച്ചിരുന്നതും സംസ്കാരം സൃഷ്ടിച്ചിരുന്നതും. ശങ്കിച്ചു സമ്രാട്ട്—ചക്രവർത്തിക്കു സംശയം: എന്താണിതിലൊരു സുഖം? മാതൃകയാക്കത്തക്ക അപൂർവ്വസൌഭാഗ്യമുള്ള എന്തൊന്നാണതിലുള്ളത്? പക്ഷേ ആ പ്രാജ്ഞനായ (ബുദ്ധിമാനായ) കലാകാരൻ, അതാണ് ജീവിതമെന്നും സ്വാഭാവികമായിട്ടുള്ളതെന്നും ചക്രവർത്തിയെ ഉണർത്തിച്ചു.

2. ചിത്രകാരൻെറ ആ സുഭാഷിതം ഇതേവരെ കടലിൻെറ അടിത്തട്ടിലോ മറ്റോ പൂഴ്ന്നുകിടക്കുകയായിരുന്നു— തീരെ വിസ്മ

Digitized By Kerala Sahitya Akademi

സ്വർണ്ണമേടകൾ നോക്കാ-
റില്ലായിരുന്നു, താഴേ
മണ്ണുമാടവുമില്ലാ-
തലഞ്ഞ പാവങ്ങളെ:
പട്ടുടുപ്പിനു ചാരേ
പാഴ്ക്കീറത്തുണിക്കൂട്ടം;
പട്ടിണിഞെരുക്കങ്ങൾ,
സമൃദ്ധിതന്നിരമ്പലിൽ;
ജ്ഞാനതേജസ്സിൻ മുന്നിൽ-
ക്കൂരിരുട്ടി—മ്മട്ടല്ലോ,
ചീനവും വാണു നീണാൾ,
മററുനാടുകൾപോലേ.

3. ഇന്നതു പഴംകഥ-
യായിപ്പോയ്—മനുഷ്യത-
മിന്നതെന്നുദ്ബോധിച്ചു,
ചീനത്തിൻ ചെറുപ്പക്കാർ:

രിക്കപ്പെട്ടിരുന്നു. നൂറുനൂറു കൊല്ലങ്ങൾക്കുശേഷമാണ്, അതു മറവിയിൽനിന്നു പ്രത്യുദ്ധരിക്കപ്പെട്ടത് (പൊക്കിയെടുക്കപ്പെട്ടത്). ഇപ്പോൾ ചീനം അധ്വാനിക്കുന്നവരുടെ—പണിയെടുക്കുന്ന വേലക്കാരുടെ—ജീവിതമാർഗ്ഗങ്ങളെ കണ്ടെത്തിയിരിക്കുന്നു.

3. ഇതേവരെ ചീനവും മററു നാടുകൾപോലെതന്നെയായിരുന്നു: സ്വർണ്ണമേടകൾ ....കൂരിരുട്ട്—കൂരപ്പുരകൾപോലുമില്ലാതെ തെരുവിൽ തെണ്ടിത്തിരിയുന്ന പാവങ്ങളെ തലയുയർത്തിനില്ക്കുന്ന സ്വർണ്ണമാളികകൾ കണ്മിഴിച്ചു നോക്കാറില്ല; പ്രഭുവർഗ്ഗം പൊന്നോട

Digitized By Kerala Sahitya Akademi

പൊങ്കിരീടത്തെസ്സൂര്യ-
നെന്നൊന്നോർപ്പാനോ, മർത്ത്യൻ
ചെങ്കോലാൽത്തെളിയ്ക്കപ്പെട്ടും
മാടാകപ്പോവാനോ, മർത്ത്യൻ?
നിലങ്ങൾക്കുടമസ്ഥ-
രവയെശ്ശുശ്രൂഷിപ്പോർ;
അലസകരങ്ങളു-
ണ്ണൂണിൻകോലെടുക്കേണ്ട.

കളിൽ സുഖിച്ചു. പട്ടുടുപ്പുകളുടെ അറ്റുക്കൽ കീറത്തുണികൾ കുമ്പാരംകൂടിക്കിടക്കും; പട്ടുടുക്കുന്ന പ്രഭുവിൻെറ നാലുഭാഗത്തും കീറത്തുണി ചുററിയവർ ധാരാളം. സദ്യയുടെ ആഘോഷത്തിന്നിടയിൽ നിന്നു പട്ടിണിക്കാരുടെ കരളലിയിയ്ക്കുന്ന ഞെരക്കം കേൾക്കാം. ജ്ഞാനതേജസ്സിൻമുന്നിൽക്കൂരിരുട്ട് — ഒരു പിടി ആളുകൾക്കുമാത്രം വിദ്യാഭ്യാസം, ബഹുജനങ്ങൾക്ക് അജ്ഞാനം അസ്വതന്ത്രരാജ്യങ്ങളിലെ ഈ അദ്ഭുതക്കാഴ്ചതന്നെയായിരുന്നു, ആറേഴു കൊല്ലങ്ങൾക്കുമുമ്പുവരെ ചീനത്തും. ഇന്നതു പഴംകഥയായിപ്പോയ് — പുതിയ ജനാധിപത്യസ്ഥാപനത്തോടേ അതിന്നു തികച്ചും മാററം വന്നു. മനുഷ്യത്വം എന്താണെന്നു ചീനത്തിലെ യുവാക്കൾ മനസ്സിലാക്കി: പൊങ്കിരീടം (ചക്രവർത്തി) അല്ല സൂര്യനെന്നും (വെളിച്ചംതരുന്ന ജ്ഞാനമെന്നും). ചെങ്കോലാൽ (ഭരണാധികൃതരാൽ) മാടുകളെപ്പോലെ തെളിയ്ക്കപ്പെടുന്നവരല്ല (അടിമകളല്ല) മനുഷ്യരെന്നും അവർ കണ്ടറിഞ്ഞു. നിലങ്ങൾ..........പ്പോർ — കൃഷി ചെയ്യുന്നവരാണ് നിലത്തിൻെറ ഉടമസ്ഥർ. അലസകരങ്ങൾ (പണിയെടുക്കാത്ത കൈകൾ)ക്ക് ഊണിൻകോലെടുക്കാൻ അവകാശമില്ല. ചീനക്കാർ രണ്ടു കോൽകൊണ്ടാണ്, ഭക്ഷണം കഴി

Digitized By Kerala Sahitya Akademi

തിന്നുതിന്നോറം തടി-
ച്ചനങ്ങാതിരിപ്പോരെ-
യൊന്നാകെ നശിപ്പിയ്ക്കാൻ
പ്രാൎത്ഥിയ്ക്കുമൃഗ്വേദത്തെ
ഒന്നാമതനുഷ്ഠാനം-
കൊണ്ടു പാടിയ റഷ്യ-
യ്ക്കിന്നൊട്ടല്ലഭിമാനം,
ചീനമേ, നിൻപിൻപാട്ടാൽ!

4. അറിവിൻ കൈമാററത്താൽ,
വാണിജ്യസമ്പൎക്കത്താൽ,
മുരടിനുറപ്പുള്ള
സംസ്കാരപ്പഴമയാൽ
ഭാരതം പണ്ടേ പ്രിയ-
ബന്ധു ചീനത്തിനി;-രു-

ഷ്ക്കുക. തിന്നു...... ....ഋഗ്വേദത്തെ—പണിയെടുക്കാതെ തിന്നുപുളഷ്ക്കുന്നവരെ മുഴുക്കെ നശിപ്പിയ്ക്കണമെന്നു് ഋഗ്വേദത്തിൽ ഒരു പ്രാൎത്ഥനയുണ്ടു്. ആ പ്രാൎത്ഥനയെ ഒന്നാമതായി നടപ്പിൽവരുത്തിയതു് സോവിയററു റഷ്യയാണു്. തനിയ്ക്കു കൂട്ടുകാരനെ കിട്ടിയതിൽ ഇന്നു റഷ്യയ്ക്കു് അഭിമാനിയ്ക്കാറായി. നിൻപിൻപാട്ടാൽ—നീ അനുവൎത്തിച്ചതിനാൽ.

4. ഭാരതവും ചീനവും പണ്ടുമുതല്ക്കേ ബന്ധുക്കളായിരുന്നു: അറിവിൻ......പ്പഴമയാൽ— ഭാരതം തൻെറ വിജ്ഞാനത്തെ ചീനത്തിന്നും, ചീനം സ്വവിജ്ഞാനത്തെ ഭാരതത്തിന്നും നല്കിപ്പോന്നു. അന്യോന്യം കച്ചവടം നടന്നിരുന്നു. അടിയുറപ്പുള്ള സംസ്കാരപ്പഴമ

Digitized By Kerala Sahitya Akademi

പേരുമൊപ്പമേ നേടീ,
സ്വാതന്ത്ര്യവിഭൂതിയും.
മിത്രമേ ചിലകൂട്ടർ
നിൻ പ്രജാഭരണത്തെ-
യത്ര മാനിച്ചീലെങ്കി-
ലെന്തതിന്നിടിവുള്ളൂ?
ആരാനും നിരസിച്ചാൽ
നേരൊരു നുണയാമോ?
സൂര്യാംശു തമസ്സാമോ,
കൂമർതൻ കൺചിമ്മലാൽ?
മുമ്പേഴുനൂറ്റാണ്ടിൻ മു-
മ്പച്ചടിയൊന്നാമതായ്-

കൊണ്ടും ഇരുരാജ്യങ്ങളും ചിരബന്ധുക്കളാണ്. ഇരു..........വിഭൂതിയെ=ഇപ്പോഴും, വളരെക്കാലം അടിമത്തത്തിലാണ്ടുകിടന്ന ഈ രണ്ടു രാജ്യങ്ങളും സ്വാതന്ത്ര്യമാകുന്ന ഐശ്വര്യത്തെ വീണ്ടെടുത്തതും ഒപ്പമാണ്.—ഒരേ കാലത്താണ്. ചീനത്തോടു നേരിട്ടു ചോദിക്കുന്നു: മിത്രമേ, ചില കൂട്ടർ—ചില സാമ്രാജ്യക്കാർ ഇന്നും ഭവാന്റെ റിപ്പബ്ലിക്കിനെ അംഗീകരിച്ചിട്ടില്ലല്ലോ. എന്നാൽ ഇതുകൊണ്ടു റിപ്പബ്ലിക്കിനു യാതൊരു ഇടിച്ചലുമില്ല: ചിലർ നിരസിച്ചുവെന്നുള്ളതുകൊണ്ട് നേര് നുണയാവില്ലല്ലോ. സൂര്യാംശു (സൂര്യന്റെ രശ്മി) കണ്ടാൽ കൂമൻ കണ്ണുചിമ്മും. അതുകൊണ്ട്, സൂര്യരശ്മി തമസ്സാ(ഇരുട്ടാ)യേക്കുമോ? മുമ്പേഴു..........മുമ്പ്—രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു ചീനത്രേ, ആദ്യമായി അച്ചടിവിദ്യ

Digitized By Kerala Sahitya Akademi

ച്ചൊവ്വിലാരംഭിച്ച നിൻ
　　സ്വർണ്ണപുസ്തകങ്ങളിൽ
ചേരേണ്ടും പുതുതാം പൊ–
　　ന്നക്ഷരച്ഛാർത്തത്രേ, നിൻ
പാരതന്ത്ര്യാച്ഛാദനം
　　ചീനമേ, സമീചീനം!

കണ്ടുപിടിക്കപ്പെട്ടത് അന്നത്തെ സ്വർണ്ണപുസ്തകങ്ങളിൽ, പുതിയ കനകാക്ഷരങ്ങളിൽ അച്ചടിച്ചു ചേർക്കപ്പെടേണ്ടതാണ്, ചീനത്തിന്റെ ഈ പാരതന്ത്ര്യാച്ഛാദനം (സ്വാതന്ത്ര്യാർജ്ജനം). സമീചീനം (നല്ലത്) എന്ന പദം പാരതന്ത്ര്യാച്ഛാദനത്തിന്റെ വിശേഷണമാകുന്നു.

Digitized By Kerala Sahitya Akademi

6. അഞ്ചാം പിറന്നാൾ

1

ഏറെജ്ജയിക്ക, നിന്നഞ്ചാംപിറവിനാൾ
ഭാരതീയപ്രജായത്തഭരണമേ!
എത്ര സാധിക്കുമോ, പഞ്ചവയസ്സിങ്ക-
ലത്രയ്ക്കു നീളട്ടെ, പൊങ്ങട്ടെ നിൻകരം:
അർദ്ദിതന്മാരെത്തലോടുവാൻ, താങ്ങുവാ-
നസ്ഥികൂടങ്ങളിൽച്ചോര കടത്തുവാൻ,
പൃഥ്വിയിൽ ക്ഷേമം വിതപ്പാൻ, വളർത്തുവാൻ
സ്പർദ്ധപ്പടലുകൾ ചുട്ടുകരിക്കുവാൻ.

---

1. ഭാരതീയ പ്രജായത്തഭരണം ഇന്ത്യൻ റിപ്പബ്ലിക്കഭരണം പഞ്ചവയസ്സ്—അഞ്ചു വയസ്സ്. അർദ്ദിതന്മാർ=പീഡിതന്മാർ. അസ്ഥി.............കടത്തുവാൻ–ചോരയില്ലാതെ ക്ഷയിച്ച ശരീരങ്ങളിൽ രക്തം കുത്തിവെയ്ക്കുന്നത് ഒരു ചികിത്സയാണ്. സ്പർദ്ധപ്പടലുകൾ=കലഹത്തിന്റെ കുററിക്കാടുകൾ. പ്രജായത്തഭരണത്തിന്റെ ചുമതല ഇതൊക്കെയാണെന്ന്.

Digitized By Kerala Sahitya Akademi

2

മുപ്പത്തുമാറും ശതലക്ഷമാളുക-
ളുത്ബുദ്ധരായെഴുന്നേററതോടൊപ്പമേ,
ദുർഭിക്ഷവും, പശിപ്പാടു, മവററിൻെറ
കുപ്പക്കുഴിയിലെയ്ക്കോടിത്തിരിയ്ക്കയായ്.
കൈകളാൽച്ചക്രമേൽ നീട്ടിയ നൂൽകൊണ്ടു
കൈകളാൽത്താൻനെയ്ത കാമ്യവസ്ത്രങ്ങളാൽ
മാഴ്കുമോരോ മനുഷ്യൻെറയും കണ്ണുനീർ
തൂകിന ഗണ്ഡം തുവർത്തിത്തുടയ്ക്ക നാം!
ജൃംഭിച്ചുയന്ന കരിങ്കല്ലണകളിൽ-
സ്സംഭൃതമായ തണ്ണീരിൻ നുരകളാൽ
വൻപിശുക്കാന്ന വർഷാഭ്രങ്ങൾതൻ നേക്കു
വെൺപുഞ്ചിരി തൂകുക,സ്വതസരിത്തുകൾ!

---

2. മുപ്പത്തുമാറും ശതലക്ഷമാളുകൾ=മുപ്പത്താറു കോടി ജനങ്ങൾ. മുപ്പത്താറുകോടി ജനങ്ങൾ സ്വാതന്ത്ര്യബോധത്താൽ ഉണന്നെണീററതോടുകൂടി, വറുതിയും പട്ടിണിയും അതിൻെറ വാസസ്ഥലമായ കുപ്പക്കുഴിയിലെയ്ക്കുതന്നേ തിരിയേ ഓടിത്തുടങ്ങി. കൈകൊണ്ടു നൂററുനെയ്ത കാമ്യ(കമനീയ)വസ്ത്രംകൊണ്ടു (ഖദർ) നാം കഷ്ടപ്പെടുന്ന ഓരോ ആളുടെയും കണ്ണുനീർ തുടച്ചുകളയുക. ഗണ്ഡം=കവിൾ. ഖാദിനൂല്ക്കലും നെയ്ത്തും പട്ടിണിയെ ശമിപ്പിയ്ക്കാനുതകട്ടെ എന്നു്. ജൃംഭിച്ചുയന്ന=നിവുന്നുപൊങ്ങിയ. സംഭൃതം=സംഭരിയ്ക്കപ്പെട്ടതു്. വലിയവലിയ കരിങ്കല്ലണക്കെട്ടുകളിൽ നിത്തപ്പെട്ട വെള്ളത്തിലെ പതകൾകൊണ്ടു്, നമ്മുടെ സരിത്തുകൾ (നദികൾ) വൻപിശുക്കാന്ന (വേണ്ടപ്പോൾ വെള്ളം കൊടുക്കാത്ത) വർഷാഭ്രങ്ങ

Digitized By Kerala Sahitya Akademi

അഞ്ചിന്ദ്രിയങ്ങൾക്കു വേണ്ടും വിഭവമീ-
യഞ്ചാണ്ടുകൊണ്ടു സമ്പാദിച്ചു വെയ്ക്ക നാം,
പിന്നെയഞ്ചാണ്ടിനാലീരഞ്ചു ദിക്കിലും
മിന്നിയ്ക്കുക,ൽക്കൃഷ്ടധർമ്മതേജസ്സിനെ!

3

യുദ്ധാഗ്നിധൂമത്തെ മഞ്ഞെന്നു നണ്ണി നാം
മൂത്തൻപുതപ്പിട്ടിരുന്നാലബദ്ധമാം:
കത്തിത്തുടങ്ങുന്നതിന്മുമ്പുതന്നെ ചേ-
ർന്നൊത്തു നിർവ്വാപണയന്ത്രമെടുക്കണം.
പാരിനെസ്സൃഷ്ടിച്ച പോററുമണുക്കളെ-
പ്പാരിച്ച സംഹാരഗോളങ്ങളാക്കുവാൻ

ളുടെ (മഴക്കാറുകളുടെ) നേർക്കു പരിഹാസപ്പുഞ്ചിരി തൂകട്ടെ; നിങ്ങളുടെ ദയയില്ലെങ്കിലും ഒട്ടുകാലം കഴിഞ്ഞുകൂടാമെന്ന്. അഞ്ചിന്ദ്രിയങ്ങൾ=പഞ്ചേന്ദ്രിയങ്ങൾ. ഈ അഞ്ചാണ്ടുകൊണ്ട്=ഒന്നാമത്തെ പഞ്ചവത്സരപദ്ധതികൊണ്ട് ഭൌതികസമ്പത്തുകൾ വേണ്ടുവോളം സമ്പാദിച്ചുവെയ്ക്കുക. പിന്നത്തെ പഞ്ചവത്സരപദ്ധതിയിൽ ഈരഞ്ചു(പത്തു)ദിക്കിലും=(ലോകത്തിൽ മുഴുവൻ) നമ്മുടെ രാജ്യത്തിന്റെ ഉൽക്കൃഷ്ടമായ ധർമ്മതേജസ്സിനെ മിന്നിയ്ക്കാം.

3. യുദ്ധാഗ്നിധൂമം—ആയുധത്തീയിന്റെ പുക. കൂടൽമഞ്ഞാണെന്നു നണ്ണി (കരുതി) നാം മൂത്തൻപുതപ്പിട്ടിരുന്നാൽ (ഉദാസീനരായാൽ) അബദ്ധമാണ്: തീയ് ആളിക്കത്തിത്തുടങ്ങിയാൽ മുഴുവൻ നശിച്ചുപോകും. അതിനാൽ, കത്തിത്തുടങ്ങുന്നതിനു മുമ്പു തന്നേ, നിർവ്വാപണയന്ത്രം (തീക്കെടുത്തിയന്ത്രം) എടുക്കണം. പാരിനെ=അണുക്കളെ—എണ്ണമററ അണുക്കളെക്കൊണ്ടാണ് ഈ

Digitized By Kerala Sahitya Akademi

കോരിച്ചൊരിയുന്നു പൊന്നുനാണ്യം, പരി–
ഷ്ക്കാരശൃംഗങ്ങളിൽക്കേറിയ കാറുകൾ!
ഭീരുത തോടക്കന്തി വീര്യമായ് മാറുന്നു;
പോരിനെച്ചൊല്‌വൂ, സമാധാനമെന്നവർ;
മാരണത്തിന്നോ ഭരണമെന്നായി, പേർ—
ആരീ,പ്പുതിയ നിഘണ്ടുവിൻ പണ്ഡിതൻ!

4

ഞാനല്ല പോലഹം,നെന്നൊബ്ഭരിക്കുവാൻ—
മാനാപമാനമറിഞ്ഞുപോയ്, മറ്റിതർ:
മാനിനത്തെപ്പുലി മാന്തും വനനീതി
മാനവഗ്രന്ഥത്തിൽനിന്നിവർ നീക്കമേ!

ലോകം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും രക്ഷിക്കപ്പെടുന്നതും. അങ്ങനെയു ള്ള അണുക്കളെ പാരിച്ച (വലിയ) സംഹാരഗോളങ്ങളാക്കാൻ (നാശകരമായ ബോമ്പുകളാക്കാൻ) പരിഷ്ക്കാരശൃംഗങ്ങളിൽ കേറി യ കാറുകൾ (പ്രഭുക്കൾ) പൊന്നുനാണ്യം (പവനും ഡോളറും) കോരിച്ചൊരിയുന്നു! ഭീരുത (അവിശ്വാസജന്യമായ ഭയം) തോടക്കേ ന്തി വീര്യമായി മാറുന്നു—ഭീതിമൂലം യുദ്ധത്തിന്നൊരുങ്ങിയവരെ വീരരെന്നു വിളിക്കുന്നു. അവർ—പ്രഭുക്കൾ. മാരണത്തിനാണ് (കൊലചെയ്യൽ) ഭരണമെന്നു പേരിട്ടിരിക്കുന്നത്. ഈ പുതിയ (വിപരീതമായ അർത്ഥം കാണിച്ച) നിഘണ്ടു രചിച്ച പണ്ഡിതൻ ആരായിരിക്കും!

4. കോളനിവാഴ്ചയെ നിഷേധിക്കുന്നു. ഞാനല്ലപോലഹംനെന്നൊബ്ഭരിക്കുവാൻ—ഇങ്ങനെ ആളുകളെ തെററിദ്ധരിപ്പിച്ചി രിക്കുന്നു. പക്ഷേ ഇത് ഇനി വിലപ്പോവില്ലെന്നു കവി സാമ്രാജ്യ

Digitized By Kerala Sahitya Akademi

പാരതന്ത്ര്യം സുഖമെന്നു സാധാരണ-
ന്മാരെഴധരിപ്പിച്ചുപോന്ന സാമ്രാജ്യമേ,
ദാരിദ്ര്യദൌർഭാഗ്യവിത്തു നിൻ സമ്പത്തു,
കൂരിരുൾ കൂട്ടുന്നു, നിൻവെളിച്ചം ഭുവി!
ഇച്ചതിച്ചേരിയോടങ്കമാടാൻ ശമ-
ക്കച്ച മുറുക്കുവിൻ, ധീരയുവാക്കളേ:
തച്ചുകൊഴിച്ചു തിമത്തപെറും ചില
മൊച്ചകൾക്കുള്ളതല്ലി,ജ്ജഗൽപ്പൂവനം!

പ്രട്ടക്കളെ താക്കീതുചെയ്യുന്നു. മാനാവമാന...........നീക്കമേ—മാനവും അവമാനവും എന്താണെന്നു മട്ടിതർ അറിഞ്ഞുതുടങ്ങിയി രിയ്ക്കുന്നു. മാനിനത്തെ (മാൻകൂട്ടത്തെ) പുലി മാന്തുക (ഉപദ്രവി യ്ക്കുക) വളരെസ്സാധുക്കളെ ഒരുവൻ കഷ്ടപ്പെടുത്തുക എന്ന വനനീ തി (കാട്ടുനീതി) മാനവഗ്രന്ഥത്തിൽനിന്നു (മനുഷ്യരുടേതായ ഗ്രന്ഥത്തിൽനിന്ന്) ഈ മട്ടിതർ നീക്കംചെയ്യും, സംശയമില്ല. ആ കാട്ടുനീതി കാട്ടിൽത്തന്നേയേ നടക്കൂ; മനുഷ്യരുടെ നാട്ടിൽ നടക്കില്ല. സാമ്രാജ്യപ്രട്ടക്കൾ സാധാരണന്മാരെ തെററിദ്ധരിപ്പി ച്ചിരുന്നു, പാരതന്ത്ര്യം (അസ്വാതന്ത്ര്യം) ആണ് സുഖമെന്ന്. അങ്ങനെയുള്ള സാമ്രാജ്യമേ, ദാരിദ്ര്യത്തിൻെറയും ദൌർഭാഗ്യത്തി ൻെറയും വിത്താണ്, നിൻെറ സമ്പത്ത്; നിൻെറ വെളിച്ചം ഭുവി (ഭൂലോകത്തിൽ) കൂരിരുൾ കൂട്ടുന്നു. ദാരിദ്ര്യവും അജ്ഞതയുമാണല്ലോ, അടിമത്തത്തിൻെറ ഫലം. ഇച്ചതിച്ചേരിയോട് (ഈ കള്ളത്തര ത്തോട്) അങ്കമാടാൻ (യുദ്ധം വെട്ടാൻ) ധീരയുവാക്കളേ, ശമക്കച്ച മുറുക്കുവിൻ (സമാധാനസന്നദ്ധരാകുവിൻ.) ഈ ജഗൽപ്പൂവനം (ലോകമാകുന്ന ഉദ്യാനം) തച്ചുകൊഴിച്ചു തിമത്തലറുന്ന (ലക്കില്ലാ തെ തല്ലിപ്പൊളിച്ച് ആർത്തുവിളിയ്ക്കുന്ന) മൊച്ചകൾക്ക (കുരങ്ങ ന്മാൎക്ക)ള്ളതല്ല. ഈ മനോഹരമായലോകത്തെ വിധ്വംസകൎക്ക വിട്ടുകൊടുത്തുകൂടാ, നിങ്ങൾ രക്ഷിയ്ക്കണം.

Digitized By Kerala Sahitya Akademi

7. റിററ്സാതടാകം

1. അക്കരിംകടൽത്തിര-
ത്തിന്നൊരു മുടിപ്പൂൺപാം
'സുക്കുമി'പ്പുരിയിൽനി-
ന്നല്പനേരത്തെയ്ക്കുള്ളിൽ
സ്വർഗ്ഗവിച്യുതർക്കുണ്ടാമ-
വസ്ഥാഭേദത്തോടേ
നിർഗ്ഗമിച്ചു,ത്ഭുത-
വാഹനസ്ഥരായ് ഞങ്ങൾ
ചെററല്ലു, മുന്നൂറോളം
നാഴികദ്ദൂരത്തെയ്ക്കു—

---

1. മുടിപ്പൂൺപ്=ശിരോലംകാരം. 'സുക്കുമി'—ഒരു നഗരത്തിന്റെ പേർ. റഷ്യയിൽ കരിംകടൽത്തീരത്തുള്ള ഒരു സുഖവാസസ്ഥലമാണ് ഇത്. സ്വർഗ്ഗവിച്യുതർ=സ്വർഗ്ഗത്തിൽനിന്നു താഴേ പതിച്ചവർ. സുക്കുമിയിൽനിന്നു പോന്നപ്പോൾ, സ്വർഗ്ഗഭ്രഷ്ടർക്കുണ്ടാകാവുന്ന ഒരസുഖം തോന്നി എന്നർത്ഥം. അത്ഭുതവാഹനസ്ഥരായ്—മോട്ടോർകാറിൽ കേറി. ആ മററൊരാനന്ദസ്ഥാനം മുന്നൂറുനാഴിക അകലെയായിരുന്നു. വളർകോകസെസ്സദ്രി—പരന്നുയ

Digitized By Kerala Sahitya Akademi

മററൊരാനന്ദസ്ഥാന-
 ത്തെയ്ക്കു—പായുകയായി:
വളർ'കോക്കസസ്സ്'ദ്രി-
 നിരതൻ കാലിൽച്ചുററി
വളഞ്ഞു പുളഞ്ഞുപോം
 കാട്ടുപാതയിലൂടേ,
അററമില്ലാത്താശ്ശൈല-
 ത്തിൻെറ താഴ്വാരത്തുള്ള
'റിററ്സാ' സരസ്സിലെ-
 യ്ക്കോട്ടമീയിന്ത്യക്കാരെ—
കൈലാസതടസ്ഥമാം
 മാനസസരസ്സിലെ-
യ്ക്കാലോലപതത്രരായ്-
 പ്പാറക്കും ഹംസങ്ങളെ-
പാർത്തു സുസ്വരമായി
 ച്ചിരിച്ചു പാലൊടത്തും

ന്ന കോക്കസസ്സ് പർവ്വതം. കാലിൽച്ചുററി—താഴ്വാരത്തിലൂടേ വളഞ്ഞുപുളഞ്ഞുപോകുന്ന പാത കണ്ടാൽ, പർവ്വതത്തിൻെറ കാലിൽ ച്ചുററിയതാണെന്നു തോന്നും. കൈലാസതടസ്ഥം=കൈലാസത്തിൻെറ താഴ്വാരത്തിലുള്ളത് മാനസസരസ്സ്—കൈലാസത്തിനരികിലാണ്. ആലോലപതത്രരായ്=ചിറകുകളിളക്കി. അരയന്നങ്ങൾ മാനസസരസ്സിലെയ്ക്കെന്നപോലെ, റിററ്സാ തടാകത്തിലെയ്ക്കു പോകുന്ന ഈ ഇന്ത്യക്കാരെ, ഞങ്ങളെ. പാർത്തു=കണ്ടിട്ട്. സുസ്വരം=നല്ല ശബ്ദത്തോടേ. ഒഴുകുന്ന അരുവികൾ പാലുപോലെ

Digitized By Kerala Sahitya Akademi

പാൽത്തെളിനരചന്നി–
ച്ചൊഴുകുമരുവികൾ!

2. അങ്ങനെയെത്തിച്ചേൎന്നു
നിഷ്ടിഷ്ടസ്ഥലത്തെങ്ങൾ;
എങ്ങുപോയ്, സുദീൎഘാധ്വ–
ചംക്രമക്ലമമെല്ലാം?
ചീളെന്നത്തടാകത്തിൽ
ച്ചാടിനീന്തുകയായി,
ലോലരാം കിടാങ്ങൾപോ–
ലെങ്ങൾതൻ നയനങ്ങൾ.
അത്യുഗ്രമാകും പൂൎത്ത
ശില്പത്തിൻ സ്ഫുടാകാരം
കൎപ്പൂരാമൃതപൂരം,
കണ്ണിനിജ്ജലാധാരം!

വെളുത്ത നര ചിന്നിയ്ക്കുന്നതു കണ്ടാൽ, ഞങ്ങളെ നോക്കി സന്തോഷപ്പുഞ്ചിരിയിട്ടുകയാണെന്നു തോന്നും.

2. സുദീൎഘാധ്വ ചംക്രമക്ലമം=നീണ്ട വഴി സഞ്ചരിച്ചതിലുള്ള തളൎച്ച. ഈ പദസംഘാതം ആ നീണ്ട വഴിയാത്രയുടെ തളൎച്ചയെ എത്രമേൽ ദ്യോതിപ്പിയ്ക്കുന്നുവെന്നു നോക്കുക! ആ സ്ഥലത്തെത്തിച്ചേൎന്നപ്പോഴെയ്ക്കും, അതിന്റെ ആഹ്ലാദകാരിത്വംകൊണ്ടു, സഞ്ചാരക്ഷീണമെല്ലാം മാറി. ചീളെന്ന്=പെട്ടെന്ന്. ആ തടാകത്തിന്റെ തീരത്ത് എത്തിച്ചേൎന്നതോടേ, ഞങ്ങളുടെയെല്ലാം കണ്ണുകൾ, ലോലരായ (ക്രീഡാതൽപരരായ) കിടാങ്ങളെപ്പോലെ അതിൽ നീന്തുകയായി. അത്യുഗ്രം=നവീനം, പണ്ടൊന്നുമില്ലാത്ത. പൂൎത്തശില്പം=കുളവും കിണറും മററും കുഴിയ്ക്കുകയാകുന്ന കൈവേല.

Digitized By Kerala Sahitya Akademi

നാലുനാഴികമാത്രം
    ചുററളവുള്ളൊന്നാമീ-
ച്ചേലുററ തടാകത്തെ-
    യപ്രമേയമാം വ്യോമം
പതിവായ്പ്പൂജിപ്പതു-
    ണ്ടിരവിലി,തിൻനീരിൽ-
പ്പതിടത്തതാരങ്ങളാം
    കനകപുഷ്പങ്ങളാൽ!
ഈ മണിതടാകമാം
    കണ്ണാടിതന്നിൽത്തൻെറ
പൂമേനി നോക്കിക്കാണ്മാ-
    നെന്നപോലിതിൻചാരേ,
മാമലമുകളിൽനി-
    ന്നിറങ്ങിനിന്നീടുന്നു

സ്ഫുടാകാരം—ആ ശില്പവിദ്യ ഒരുടലെടുത്തതാണെന്നു തോന്നും, ആ തടാകം കണ്ടാൽ. കണ്ണിനു കപ്പൂരാമൃതപൂരം—കപ്പൂരരസംപോലെ കണ്ണിനെ കുളിപ്പിക്കുന്നതു്; ജലാശയത്തിൻെറ സ്വച്ഛതയും വ്യഞ്ജിക്കുന്നു. ജലാധാരം=ജലാശയം. അപ്രമേയം=അളക്കാൻ വയ്യാത്തതു്. വ്യോമം=ആകാശം. അനന്തമായ ആകാശത്തിനുകൂടി ഈ പരിമിതമായ ജലാശയം അദ്ഭുതകരവും ആരാധ്യവുമായിരിക്കുന്നു. അതുകൊണ്ടാണല്ലോ, രാത്രിയിൽ ആകാശം നക്ഷത്രപ്രതിബിംബങ്ങളാകുന്ന സ്വർണ്ണപുഷ്പങ്ങൾകൊണ്ടു് ഇതിനെ പൂജിക്കുന്നതു്. തീരത്തിലെ വൃക്ഷലതാദികളാകുന്ന പുതിയ ശ്യാമള(പച്ച)സ്സാരിയുടുത്ത വനലക്ഷ്മി ഇറങ്ങിനില്ക്കുന്നു. എന്തിനു്? തൻെറ പൂമേനി(വൃക്ഷല

Digitized By Kerala Sahitya Akademi

ശ്യാമളപ്പട്ടുചേല,
        ചാർത്തിയവനലക്ഷ്മി!

ഇത്തോയാശയരത്നാ–
        ത്തിനു മൂവശങ്ങളിൽ–
സ്സുസ്ഥിരപ്പാറാവുകാർ,
        പർവ്വതശിഖരങ്ങൾ!
ഹെത്രയായിരം ദൂര–
        ദൂരസ്ഥർ വരുമാറി–
ല്ലിദ്രവരൂപാപൂർവ്വ–
        വൈദ്യങ്കൾ,സ്സുഖം വാങ്ങാൻ?
മററെന്തു? മഹത്തായ
        'ജോർജ്ജിയ'തന്നേ,സോവി–

ന്താദികളിൽ പൂവുണ്ടാകുമല്ലോ) ഈ മണി (സ്വച്ഛ) തടാകമാകുന്ന കണ്ണാടിയിൽ നോക്കിക്കാണുമാൻ എന്നുൽപ്രേക്ഷ.

3. ഇത്തോയാശയരത്നം=ഈ ശ്രേഷ്ഠമായ ജലാശയം. മൂവശങ്ങളിൽ—മൂന്നുഭാഗത്തും മലകളാണ്. സുസ്ഥിരപ്പാറാവുകാർ—ഈ പാറാവുകാർ അവിടെനിന്ന് ഇളകുകയേ പതിവില്ല; ഇത്തരം കാവൽ വേണമല്ലോ, രത്നത്തിന്ന്. ദ്രവരൂപാപൂർവ്വവൈദ്യൻ=വെള്ളത്തിൻെറ വടിവിലുള്ള അസാധാരണവൈദ്യൻ. ഈ തടാകത്തിൽ കുളിച്ചാൽ പല രോഗങ്ങളും ശമിയ്ക്കുമത്രെ. സുഖവാസത്തിനും ദൂരദൂരദേശങ്ങളിൽനിന്ന് ആയിരക്കണക്കിൽ ആളുകൾ വരാറുണ്ട്. മോസ്ക്കോവിൽനിന്നുംമററും വളരെ ദൂരത്തു, ജോർജ്ജിയ റിപ്പബ്ളിക്കിലാണ്, ഈ സ്ഥലം. ജോർജ്ജിയയിലാണ് സ്റ്റാലിൻ ജനിച്ചത്. ആരോഗ്യസൌഖ്യാഗാരം=ആരോഗ്യസൌഖ്യത്തിൻെറ വാസസ്ഥാനം, റിററ്സാതടാകംമൂലം ജോ

Digitized By Kerala Sahitya Akademi

യററിലെ പ്രധാനമാ–
മാരോഗ്യസൌഖ്യാഗാരം!

4. ഞങ്ങളിന്നൊരു പുണ്യ-
തീർത്ഥസേവനത്തിൻെറ
മംഗളമിതാ, നേടീ,
നിങ്കൽ വന്നതോടൊപ്പം:
തുംഗമാം ഹിമാചലം,
കോക്കസ്സീ റഷ്യയ്ക്കു
ഗംഗതന്നൊരംശം നീ
ഗംഭീരതടാകമേ!

ജ്ജിയ സോവിയററിലെ ഒരു പ്രധാനമായ ആരോഗ്യകേന്ദ്രമായിരിക്കുന്നു. ജോർജ്ജിയായിലെ സ്ത്രീപുരുഷന്മാർ കൂടുതൽ സുഭഗന്മാരാണത്രേ.

4. എന്തുകൊണ്ടാണ്, പുണ്യതീർത്ഥം സേവിച്ചാലത്തെ മംഗളം (നന്മ) നേടിയതെന്നും വിവരിക്കുന്നു. റഷ്യയിലെ മലകളിൽവെച്ചു മഹത്തായ കോക്കസസ്സ് പർവ്വതം, ഇന്ത്യയ്ക്കു ഹിമാലയംപോലെയും, ഈ ഗംഭീരതടാകം ഗംഗപോലെയും പുണ്യകരമാണ്. ഹിമാലയത്തിലും ഗംഗയിലും ചെല്ലാൻ സംഗതിവരുന്നതു പുണ്യമാണല്ലോ.

Digitized By Kerala Sahitya Akademi

8. മററൊന്നല്ല

1. പേരാററുവക്കിൽ,'ക്കലാ-
മണ്ഡല'ത്തിനു പടി-
ഞ്ഞാറെ,രിവെയിലാൽ വിണ്ട
കണ്ടത്തിലൊ,രുനാളിൽ,
ചേറു വെവ്വേറേ കോരി-
യിട്ടതുപോലേ കാണായ്,
കീറമാറാപ്പിൽപ്പഞ്ഞം
പേറിവന്നൊരാൾക്കൂട്ടം.

---

1. ചേറു വെവ്വേറേ............കാണായ്—ആ കരിമെയ്യർ (ഇവർ തമിഴ്നാട്ടിൽനിന്നു വന്നവരായിരുന്നു) വയലിൽ അവിടവിടെ ഇരിയ്ക്കുന്നതു കണ്ടാൽ, ഓരോ ദിക്കിൽ ചളി കുമ്പാരംകൂട്ടിയതാണെന്നു തോന്നും. എല്ലാവരുടെയും കയ്യിൽ കീറമാറാപ്പുണ്ട്, അതിന്നുള്ളിലോ, പഞ്ഞംതന്നെ! ആ നാട്ടിലെ ക്ഷാമംമൂലം നാടുവിട്ടുപോന്നവരാണിവർ. പകൽസ്സമയത്തു മരത്തണലിലാണ് തല ചായ്ക്കുന്നതെങ്കിൽ, രാത്രിയിൽ ആ തണലിൻെറ നിറത്തിലുള്ള (കറുത്തിരുണ്ട) വിരികളിലാണ് കിടപ്പ്. തുംഗസൌ

Digitized By Kerala Sahitya Akademi

പത്തിരുനൂറംഗങ്ങൾ—
ക്കേകമാം തറവാടായ്
വത്തിച്ചിതപ്പാഴ്പ്പാടം,
മൂന്നു—നാലാഴ്ച്ചക്കാലം;
പകലങ്ങയൽമര—
ത്തണലിൽത്തല ചായ്ക്കും,
പശിയോടവരല്ലിൽ
ത്തടച്ചൺവിരിപ്പിലും.
നിങ്ങൾതൻ നിഴലുകൾ—
തന്നെയാണിക്കാർമെയ്യർ,
തുംഗസൌഭാഗ്യപ്രകാ—
ശസ്ഥരാം മഹാന്മാരേ!

2. ആ രാമാശിശുയുവ—
വൃദ്ധരനാനായ്ത്തൻ ത—
ന്നൂരിൽനിന്നനാവൃഷ്ടി
ക്ലിഷ്ടരായ്പ്പോന്നാരത്രേ:

ഭാഗ്യപ്രകാശസ്ഥർ: തുംഗമായ (ഉയന്ന) സൌഭാഗ്യ (ഭാഗ്യ)ത്തിന്റെ പ്രകാശത്തിൽ വസിയ്ക്കുന്ന വലിയ ആളുകൾ. വലിയ ആളുകളോടു കവി പറയുന്നു, ഈ കൂത്തിരുണ്ടവർ അന്യരല്ല; നിങ്ങളുടെതന്നെ നിഴലുകളാണ്. ഈ വാസ്തവം നിങ്ങളറിയേണ്ടതാണ്. നിങ്ങളാൽ സംരക്ഷ്യരാണിവർ എന്ന് ഒരനുകമ്പാപ്രാത്ഥനം.

2. രാമാശിശുയുവവൃദ്ധർ=സ്ത്രീകളും കുട്ടികളും ചെറുപ്പക്കാരും കിഴവന്മാരും. അനാവൃഷ്ടിക്ലിഷ്ടർ=മഴയില്ലായ്മമൂലം കഷ്ടപ്പെട്ടവർ. കീഴടക്കിപോൽ മത്ത്യൻ..........മനുഷ്യന്റെ അഭി

Digitized By Kerala Sahitya Akademi

കീഴടക്കിപോൽ മർത്ത്യൻ
ബുദ്ധിയാൽ പ്രകൃതിയെ;–
കേഴുന്നു, തണ്ണീർപോലും
കിട്ടാഞ്ഞു,തൽഭ്രാതാക്കൾ!

3. എത്രയും യതിച്ചമ്മ
നല്കിയ ചപ്പാത്തിയാൽ
ക്ഷുത്തടങ്ങാഞ്ഞബ്ബാലർ
കൂട്ടിയ നിലവിളി
പൊന്തിനില്ക്കുന്ന കലാ-
മണ്ഡലത്തോട് ചൊന്ന-
തെന്താവാമിടയ്ക്കിട-
യ്ക്കോ?.. ശരി, മറ്റൊന്നല്ല:

മാനം, താൻ പ്രകൃതിയെ നിശ്ശേഷം കീഴടക്കിക്കഴിഞ്ഞു എന്നാണല്ലോ; എന്നാൽ അയാളുടെ സഹോദരന്മാർ കുടിപ്പാൻ വെള്ളം കിട്ടാതെ വിഷമിക്കുകയാണ്"!

3. ക്ഷുത്തടങ്ങാഞ്ഞ്—വിശപ്പടക്കാൻ തക്കവണ്ണം ഭക്ഷണം കൊടുക്കാൻ ദരിദ്രമാതാവെങ്ങനെ ശക്തയാകും? വിശപ്പടങ്ങാഞ്ഞ്, ആ കുട്ടികൾ നിലവിളിക്കാൻ തുടങ്ങി. ആ നിലവിളിയിൽ അന്തർഭവിച്ച അർത്ഥം ഇതാവണമെന്നു കവി ഊഹിക്കുന്നു. എങ്ങിയ=ഒട്ടിയ. ആളുകളുടെ വയർ വീർത്താലേ കലകൾ ഉയരൂ. പട്ടിണിരാജ്യത്തു സാഹിത്യ-സംഗീത-നൃത്താദികലകൾ പുഷ്ടിപ്പെടുകയില്ല.

Digitized By Kerala Sahitya Akademi

“എന്നു തൊട്ടില്ലാതെയാ-
മെങ്ങിയ വയർ മന്നി-
ലന്നോളമുയരുക-
യില്ല, നിൻകലയൊന്നും!”

ഈ പാടത്തിന്റെ കിഴക്കുവശത്ത് ഉയർന്ന ഒരു പറമ്പിലാണ്, കലാമണ്ഡലം. അതിനാലാണ്, പൊന്തിനില്ക്കുന്ന എന്നു വിശേഷണം.

Digitized By Kerala Sahitya Akademi

9. സ്റ്റാലിൻ-ഹാ!

1\. സ്റ്റാലിൻ, ഹാ—എഴുപത്തി-
മൂന്നാവർഷത്തിൻമുമ്പൊ-
രാലയാം ചളിക്കുണ്ടിൽ
വിളഞ്ഞ മഹാരത്നം
കാലത്താൽത്തന്നതെന്നാ
പോലെ തൻ കരിമടി-
ശ്ശീലയിലാക്കപ്പെട്ടു—
സ്തബ്ധമുഗ്ദ്ധമായ് വിശ്വം!
ആരുടെയോരോ വീർപ്പു-
മാമൂലം വിറപ്പിച്ചു

സ്റ്റാലിന്റെ നിര്യാണത്തെപ്പററി:

1\. ആല—തോൽക്കൊല്ലനായിരുന്നു സ്റ്റാലിന്റെ പിതാവ്. ചളിക്കുണ്ട്—തൊഴിൽശ്ശാലകളിൽ വൃത്തികേടുകൾ ധാരാളമുണ്ടായിരിക്കുമല്ലോ; ചളിക്കുണ്ടിൽ (ചെളിയിൽ) ആണല്ലോ രത്നം വിളയുന്നതും. കാലത്താ... ......ലാക്കപ്പെട്ടു—ഒരാൾ, തന്റേതായ ധനം തന്റെ മടിശ്ശീലയിലാക്കുമ്പോൾ, മററാരാളോടു ചോദിക്കേണ്ടതില്ലല്ലോ; അപ്രകാരം ഈ മഹാരത്നത്തെ കാലം, അതി

Digitized By Kerala Sahitya Akademi

ഘോരമാം വിഷംകായ്ച
സാമ്രാജ്യദ്രുമങ്ങളെ;
അസ്സമചിത്തനുടെ നെ-
ഞ്ചതാ, മിടിയ്ക്കാതായ്!-
ദുസ്സഹാതങ്കാൽ ശ്വാസ-
ഹീനമായ്, റഷ്യാനാട്ടം!
ചെങ്കൊടികളെത്തീണ്ടി
വൻകറുപ്പ്;-ഖിലക്ഷം
കണ്ണുകളിൽപ്പൊങ്ങി വെള്ളം;
വരണ്ടു വദനങ്ങൾ;

ന്റെ കരുത്ത മടിശ്ശീലയിലാക്കിക്കളഞ്ഞു. സ്റ്റാലിനെ മൃതിപ്പെടുത്തി. അപ്പോൾ ലോകം സ്തബ്ധമൂകമായ്—സ്തംഭിച്ചു (മരവിച്ചു) മൂർച്ഛിച്ചു. അത്ര അവിചാരിതവും അസഹ്യവുമായിരുന്നു, ആ അത്യാഹിതം! വിഷം—പട്ടിണി, കഷ്ടപ്പാട്, അജ്ഞത എന്നിവ. സാമ്രാജ്യദ്രുമങ്ങൾ—സാമ്രാജ്യമാമരങ്ങൾ. സ്റ്റാലിന്റെ ഓരോ വീർപ്പും സാമ്രാജ്യമാമരങ്ങളെ ആമൂലം (അടിവേർവരെ) വിറപ്പിച്ചിരുന്നു. (കാററു മരങ്ങളെ വിറപ്പിയ്ക്കുമല്ലോ). കോളനിവാഴ്ചയ്ക്ക് അത്ര വിരോധിയായിരുന്നു അദ്ദേഹം. ആ സമചിത്തന്റെ ഹൃദയസ്പന്ദം നിലച്ചതോടേ, റഷ്യാരാജ്യവും ദുസ്സഹദുഃഖത്താൽ ശ്വാസഹീനമായ്—മൃതപ്രായമായി. റഷ്യാനാടിന്നു മുഴുവൻ ജീവവായുവിനെ നല്കിയിരുന്നതാണ് ആ നെഞ്ച്! ചെങ്കൊടി............വൻകറുപ്പ്—സ്റ്റാലിന്റെ നിര്യാണവാർത്ത പരന്നതോടെ, ദുഃഖചിഹ്നമായി ചെങ്കൊടികൾക്കു പകരം കറുപ്പുകൊടി നാട്ടുകയല്ല, സോവിയററയൂനിയനിൽ ചെയ്തത്; ചെങ്കൊടികളുടെ നാലു വക്കും ക-

Digitized By Kerala Sahitya Akademi

മങ്കയുമാണുംകുഞ്ഞു-
　　വൃദ്ധനുമൊപ്പം തേടി
സങ്കടം, നിജനിജ-
　　ബന്ധുമൃത്യുവിൽപ്പോലേ!
ലോകസ്നേഹിനി, റഷ്യേ,
　　നിൻഭർത്തൃദുഃഖമിതിൽ-
ബ്ഭാഗഭാക്കാകാതേതു
　　നാടുള്ളു ഭൂഗോളത്തിൽ?
മൈ കുനിഞ്ഞീലേതേതു
　　കൊടിയ്ക്കു രുജാഭാരാൽ?
തൂകുക, കണ്ണീരിന്നേ്യ:
　　വേറെയില്ലല്ലോ, സ്റ്റാലിൻ!

വപ്പിയ്ക്കുകയാണ്. നിജ..........പോലെ—ഓരോ സ്ത്രീയ്ക്കും പുരുഷനും കുട്ടിയ്ക്കും വൃദ്ധനും തൻെറ സ്വന്തം ബന്ധു മരിച്ചാലത്തെ തീവ്രദുഃഖം അനുഭവപ്പെട്ടു; സ്റ്റാലിനെക്കുറിച്ച് ഓരോരുത്തനുമുള്ള സ്നേഹം അത്ര ഉള്ളിൽത്തട്ടിയതായിരുന്നു. ലോകസ്നേഹിനി=ലോകത്തെ സ്നേഹിയ്ക്കുന്നവൾ. സാമ്രാജ്യങ്ങൾപോലെ അന്യനാടുകളെ ദ്വേഷിയ്ക്കുക എന്നത് സോഷ്യലിസത്തിൻെറ ഈ ജന്മഭൂമിയ്ക്ക് അപരിചിതമാണ്. ഭർത്തൃദുഃഖം: ഭർത്താവിൻെറ (ഭരിയ്ക്കുന്നവൻെറ) മൃതിയാലുള്ള ദുഃഖം. നിൻെറ ഈ ഭർത്തൃദുഃഖത്തിൽ ഭൂഗോളത്തിലെ എല്ലാ രാജ്യങ്ങളും പങ്കുകൊണ്ടു. ഇതു വിവരിയ്ക്കുന്നു. മൈകുനി........ഭാരാൽ—സ്റ്റാലിൻെറ നിര്യാണവാർത്ത അറിഞ്ഞപ്പോൾ, ഓരോ രാജ്യത്തും കൊടി പകുതി താഴ്ത്തി. അതു രുജാഭാരം (ദുഃഖഭാരംകൊണ്ടു കുനിഞ്ഞതാണെന്നുൽപ്രേക്ഷ.) വേറെയില്ലല്ലോ സ്റ്റാലിൻ—സ്റ്റാലിനെപ്പോലെ സ്റ്റാലിൻതന്നേയേ ഉണ്ടായിട്ടുള്ളു! ആ അദ്വിതീ

Digitized By Kerala Sahitya Akademi

വിണ്ണിൻെറയൊരുഭാഗം
　　തൻമന്നിൽപ്പകരുമാ–
റെണ്ണമില്ലാതേ യത്നം
　　ചെയ്യതിൻവാട്ടം തീക്കാൻ,
ഉരുഭാവനയൂറി–
　　യിരുന്ന മിഴി ചിമ്മി–
ഗ്ഗുരുവിൻ സമീപത്തേ
　　വിശ്രമിയ്ക്കയായ്, ശിഷ്യൻ!

2. ഉച്ചണ്ഡന,സമതച–
　　ഖണ്ഡനപ്പടകളിൽ,
സ്വച്ഛകോമളശീലൻ,
　　സുന്ദരകലകളിൽ;

യനേതാവിൻെറ മരണത്തിൽ ഇന്ത്യ എങ്ങനെ കരയാതിരിയ്ക്കും? വിണ്ണിൻെറ...........പകരുമാറ്—സ്വർഗ്ഗത്തിൻെറ ഒരു ഭാഗം (അത്രയും സുഖസൌഭാഗ്യസമൃദ്ധമായ ഒരു ജീവിതവ്യവസ്ഥ) തൻെറ നാട്ടിൽ വരുത്തുവാൻ, എണ്ണമില്ലാതെ (വളരെ വളരെ)മുക്കാലും സഫലമാംവണ്ണം പ്രയത്നിച്ചതിനാൽ ശരീരത്തിന്നു പററിയ തളച്ച് തീക്കാൻ, ഉരുഭാവന (ഉൽകൃഷ്ടമായ ചിന്ത) ഊറിവരുന്ന മിഴി ചിമ്മി, ഗുരുവിൻെറ (ലെനിൻെറ) സമീപത്തുതന്നെ വിശ്രമിയ്ക്കുകയാണ്, ശിഷ്യൻ. സ്റ്റാലിൻ മരിച്ചിട്ടില്ല, മരിയ്ക്കുകയുമില്ല. റഷ്യയിലെ കോടാനുകോടി ജനങ്ങളുടെ ഹൃദയങ്ങളിൽ അദ്ദേഹം എന്നെന്നും ജീവിയ്ക്കും. മഹാനായ ലെനിൻ ജീവിച്ചിരുന്ന കാലത്ത് ആ ഗുരുവിനെ ഈ ശിഷ്യൻ വിട്ടുപിരിഞ്ഞിരുന്നില്ല; മരണത്തിലും ഗുരുസമീപത്തുതന്നെ.

Digitized By Kerala Sahitya Akademi

അച്ഛനാ,ാംക്കൂട്ടങ്ങളിൽ,-
ക്കോളേജുകളിൽഗ്ഗുരു;
സച്ചരിതത്തിലൃഷി—
സാമാന്യനല്ലി,മ്മാന്യൻ!
ബലമേറിയ തൃച്ചെ-
ങ്കോലല്ല, മുടിങ്കോലാ-
ണലകിന്നൂന്നാകുന്ന-
തെന്നു കാണണമെങ്കിൽ,
ആലസ്യ-ദാരിദ്ര്യങ്ങാം-
ക്കന്തിമക്കുഴി തീർത്തോ-
രാ ലെനിൻ- സ്റ്റാലിൻനാട്ടിൽ
ത്തന്നെ ചെല്ലേണം നമ്മാം.

---

2. അസമത്വഖണ്ഡനപ്പടകളിൽ=അസമത്വത്തെ അരിഞ്ഞുകളയുന്ന യുദ്ധങ്ങളിൽ. ഉച്ചണ്ഡൻ=ഭയംകരൻ. അസമത്വത്തെ അദ്ദേഹം തുടച്ചുനീക്കി. സുന്ദരകലകളിൽ സ്വച്ഛകോമളശീലനാണ്, നിർമ്മലമായ സഹൃദയത്വത്തോടുകൂടിയവനാണ്. കലാഭിവൃദ്ധിയിൽ സദാ കണ്ണുവെച്ചിരുന്നു, സ്റ്റാലിൻ. അച്ഛനാാംക്കൂട്ടങ്ങളിൽ—ആാംക്കൂട്ടത്തിൽ പ്രത്യക്ഷപ്പെട്ടാൽ, എല്ലാവരും അദ്ദേഹത്തെ അച്ഛനെയെന്നപോലെ സ്നേഹിച്ചിരുന്നു. കോളേജുകളിൽഗ്ഗുരു—വിദ്യാർത്ഥികാംക്കൊക്കെ ഹിതോപദേഷ്ടാവായിരുന്നു, അദ്ദേഹം. സച്ചരിതത്തിലൃഷി—സദാചാരത്തിൽ ഒരു ഋഷിയെപ്പോലെയായിരുന്നു. ഇതെല്ലാം ഒരാളിൽ ഒത്തുചേർന്നു കാണുക അപൂർവ്വമായതുകൊണ്ടാണ്, ഈ മാന്യൻ സാമാന്യനല്ല, അസാമാന്യനാണ് എന്നു പറഞ്ഞത്. ബലമേറിയ............ചെല്ലേണം നമ്മാം—ചക്രവർത്തിയുടെ ചെങ്കോലല്ല, കർഷകൻെറ കാലിമേയ്ക്കു-

Digitized By Kerala Sahitya Akademi

'സാറെന്ന സാമ്രാട്ടിൻെറ
സൌവർണ്ണകിരീടമാം
സൂരനൊരുഗ്രധ്വാന്ത-
മെമ്പാടും പരത്തവേ,
തങ്ങൾ കൂരിരുട്ടിലാ-
ണെന്നുംത തെരിയാതെ-'
യങ്ങനെ നാൾപോക്കുന്ന
മാനുഷകോടികളിൽ
വ്യക്തിബോധവുമുൽക്ക-
ർഷേച്ഛയുമുണർച്ചയും
കത്തിവെയ്ക്കുവാൻ മരു-
ന്നെത്ര സംഭരിയ്ക്കണം?

ന്ന മുടിക്കോലാണ് ഈ ലോകത്തെ താങ്ങിനിർത്തുന്നതെന്നു മനസ്സി ലാക്കി, വമ്പിച്ച കൃഷി നടപ്പിൽവരുത്തി, അലസതയെയും ദാരി ദ്ര്യത്തെയും എന്നെന്നേയ്ക്കുമായി കഴിച്ചുമൂടി, രാജ്യത്തെ സർവഥാ സുഖസമൃദ്ധമാക്കി — ഇതു കാണണമെങ്കിൽ, ലെനിൻെറയും സ്റ്റാലി ൻെറയും ആ നാട്ടിൽത്തന്നെ ചെല്ലണം: ഇന്നു മറെറങ്ങുമില്ല, ഇത്ര സമ്പൽപുഷ്ടി. സാറെന്ന..........പരത്തവേ — സാർ ചക്രവർത്തി യുടെ സൌവർണ്ണ(സ്വർണ്ണ)കിരീടമാകുന്ന സൂര്യൻ ഉഗ്രധ്വാന്തം (ഭയ ങ്കരമായ) ഇരുട്ട് പരത്തിപ്പോന്നു: സാധാരണ സൂര്യൻ വെളിച്ചം പരത്തുകയാണല്ലോ പതിവ്, മേല്പറഞ്ഞ സൂര്യൻ നേരേ മറിച്ചാ യിരുന്നു. എന്നാൽ തങ്ങൾ കൂരിരുട്ടിലാണെന്ന് ആളുകൾ അറി ഞ്ഞതേ ഇല്ല! അത്രയും അജ്ഞരായിരുന്ന കോടികോടിമനുഷ്യരിൽ തങ്ങളും മനുഷ്യരാണെന്ന വ്യക്തിബോധവും തങ്ങൾക്കും ഉയരേ ണമെന്ന ഉൽക്കർഷേച്ഛയും അതിനു യതിയ്ക്കണമെന്ന ഉണർച്ചയും

Digitized By Kerala Sahitya Akademi

അദ്ദിവ്യൌഷധിയേതു
കാട്ടിലാണാ?_രാഞ്ഞാരാ_
ഞ്ഞിദ്ധീരനൊരു പുത്തൻ-
ബുദ്ധനായ് വെളിപ്പെട്ടു!
പൊതിരെക്കല്ലുംമുള്ളും
നിറഞ്ഞ മാർഗ്ഗത്തൂടേ
സ്വാതന്ത്ര്യസ്ഥാനത്തെയ്ക്ക
നടക്കാനിത്തോല്ക്കൊല്ലൻ
പുതിയ ചെരിപ്പുക-
ളുണ്ടാക്കി നല്കീലെങ്കിൽ-
ഗ്ഗതിയെ,ന്തിരുപത്തി_
രണ്ടുകോടികാഠക്കിന്നും?

(ഉത്സാഹവും) കത്തിവെയ്ക്കാൻ മരുന്നു കുറച്ചൊന്നും പോരാ. ആ ദിവ്യൌഷധി ഏതു കാട്ടിൽ കിട്ടും? ഇത് ആരാഞ്ഞാരാഞ്ഞ്(അന്വേഷിച്ചന്വേഷിച്ച്) ഇദ്ധീരൻ (സ്റ്റാലിൻ) ഒരു പുതിയ ബുദ്ധനായി വെളിപ്പെട്ടു—ദുഃഖശമനൌഷധിയ്ക്കായി കാട്ടിൽപോയ ബുദ്ധൻ ബോധോദയത്താൽ ആളുകളെ ദുഃഖവിമുക്തരാക്കിയല്ലോ; അതുപോലെ, ഈ ധീരൻ (ആഫലോദയകർമ്മാവായ സ്റ്റാലിൻ) ആലോചിച്ചാലോചിച്ച് ഉപായം കണ്ടെത്തി, നാട്ടുകാരെ സുഖമാർഗ്ഗത്തിലെയ്ക്കു നയിച്ചു. പുതിയ ചെരിപ്പുകഠം—മാർക്സിസം-ലെനിനിസമാകുന്ന തത്ത്വശാസ്ത്രം; ഇവ സ്റ്റാലിൻ വളർത്തിപ്പോന്നിരുന്നില്ലെങ്കിൽ, ഈ ചെരിപ്പുകഠം കിട്ടിയില്ലെങ്കിൽ, ഇന്നും കോടാനുകോടി ജനങ്ങഠം, കല്ലുംമുള്ളും നിറഞ്ഞ വഴിയിലൂടേ (വിപ്ലവത്തിലൂടേ)നടന്നു സ്വാതന്ത്ര്യാഭിവൃദ്ധികളിൽ ചെന്നുചേരുമായിരുന്നുവോ? ഒരു വലിയ മനുഷ്യോദ്ധാരകൻതന്നേ, അദ്ദേഹം. ഈ പുതിയ

Digitized By Kerala Sahitya Akademi

മട്ടകർ നിലംപൊത്തി,
മട്ടിതർ തലപൊക്കി;
സ്ലദ്ധ് സൌഹൃദമായി;
പാഴിരുൾ വെളിച്ചമായ്;
'ചോട്ട'യും ശ്രീയായ്മാറി—
മറെറന്തു? കാൽനൂററാണ്ടാൽ
നാട്ടിൽ നിർമ്മിച്ചാനൊരു
നവ്യമാം യുഗം സ്റ്റാലിൻ.
വേലയിൽ, വിശ്രാന്തിയിൽ,
കലയിൽ,സ്സംസ്കാരത്തിൽ–
ക്കാലത്തിനൊക്കും വിദ്യാ–
ഭ്യാസത്തിൽ, വാണിജ്യത്തിൽ,

തത്ത്വശാസ്ത്രം പ്രയോഗിച്ചതിൻെറ ഫലം അത്ഭുതപൂർവമായിരുന്നു, ഇത്തവണ മട്ടകരാണ്, ജനങ്ങളെ അടിച്ചമത്തിയിരുന്നവരാണ്, തോററു മണ്ണുകപ്പിയത്; മട്ടിതർ ഒരു പുതിയ വിശ്വാസത്തോടും ആവേശത്തോടുംകൂടി തലഉയത്തി; എന്നല്ല, ഭരണാധികാരികളായി! സ്ലദ്ധ് സൌഹൃദമായി—പാവപ്പെട്ടവരെ പറഞ്ഞിളക്കി, അവരെ തമ്മിൽത്തല്ലിച്ചാണ്, എല്ലാ രാജ്യത്തും ജനശത്രുക്കൾ ഭരണാധികാരം നടത്തുന്നത്. തങ്ങളുടെ അനൈക്യവും കലഹവുമാണ് ജനശത്രുക്കളെ അധികാരത്തിൽ വാഴിക്കുന്നതെന്നു സാമാന്യജനങ്ങൾ മനസ്സിലാക്കി, വഴക്കും വക്കാണവും നിത്തി സൌഹാദ്ദം പുലത്തിയതോടേ ജനശത്രുക്കൾ അധികാരഭ്രഷ്ടരായി. കഷ്ടപ്പെടുന്ന എല്ലാ ജനവിഭാഗങ്ങൾക്കിടയിലും സൌഹാദ്ദം തഴച്ചുവളന്നു. പാഴിരുൾ വെളിച്ചമായ്—വെറും ഇരുട്ടിനെപ്പോലും ഈ പുതിയ യുഗത്തിൻെറ ഉദയം വെളിച്ചമാക്കി; അജ്ഞതയും അന്ധവിശ്വാ

Digitized By Kerala Sahitya Akademi

നൂതനയന്ത്രങ്ങളിൽ,
ഗ്രന്ഥമന്ദിരങ്ങളിൽ–
ഏതിലും കാണാം, റഷ്യാ–
നേതാവിൻ പ്രജാപ്രേമം!

3. ഭീരുക്കളുടെയാണു,
ശൂരന്മാരുടെയല്ല
പോരെന്ന പരമാർത്ഥം
കണ്ട കണ്ണടഞ്ഞേപോയ്!
പോരുമാശംസ,മണു–
ബോംബിൻെറ ദാസന്മാരേ,

സങ്ങളും ദൂരീകൃതമായി. ചേട്ട—അലക്ഷ്മി. കാൽനൂററാണ്ടിനുള്ളിൽ ആ മഹാൻെറ അക്ഷീണയത്നം റഷ്യയിൽ എന്തെന്തു മാററംവരുത്തിയില്ല? വേല............പ്രജാപ്രേമം–റഷ്യയിൽ എല്ലാ ഏപ്പാടും നാട്ടുകാരുടെ നന്മയ്ക്കായി മാത്രം നിലക്കൊള്ളുന്നു.

3. ഭീരുക്കളുടെ............കണ്ണടഞ്ഞേപോയ്—സാധാരണമായി, ശൂരന്മാരാണ് യുദ്ധത്തിന്ന് ഒരുമ്പെടാറുള്ളതെന്നാണല്ലോ വെപ്പ്. എന്നാൽ വാസ്തവത്തിൽ ഭീരുക്കളാണ്, ജനങ്ങൾ ഉണന്നതിനാൽ സ്വന്തംസാമ്രാജ്യം നഷ്ടമായേയ്ക്കുമെന്നു പേടിയ്ക്കുന്നവരാണ്, ഇന്നു യുദ്ധത്തെ കുത്തിപ്പൊക്കുന്നത്. ഇതു സ്റ്റാലിൻ ശരിക്കും മനസ്സിലാക്കിയിരുന്നു. പോരും............ദാസന്മാരേ—ഈ പരമാർത്ഥം കണ്ട അദ്ദേഹത്തിൻെറ കണ്ണടഞ്ഞതുകൊണ്ട്, അണുബോംബിൻെറ ദാസന്മാരേ, നിങ്ങൾ ആശംസിയ്ക്കേണ്ട! ഇപ്പോരാളി (സമാധാനയോദ്ധാവു) പൊക്കിയ സമാധാനക്കൊടി താരവീഥിയെ (യുദ്ധപീഡിതമായ ആകാശത്തെ) തലോടാതെ കീഴ്പ്പോട്ടു പോരില്ല; യുദ്ധമാലിന്യം ഉടച്ചുകളയുകതന്നെ ചെയ്യും. നൂനം=

Digitized By Kerala Sahitya Akademi

പാരിനെപ്പൊൻനാണ്യത്താൽ–
കറുപ്പിച്ചവരാംവോരേ:
താരവീഥിയെത്തലോ–
ടാതെ താഴ്ന്നൊന്നല്ലി–
പ്പോരാളി പൊക്കിക്കൊണ്ടു
ശാന്തിവെൺകൊടി നൂനം!

തീച്ചു. നിങ്ങൾ അരുംവോരാണ് (കോളനിവാഴ്ചക്കാരാണ്) അപ്പോൾതന്നേ ആററംബോമ്പിൻെറ ദാസന്മാരുമാണ്. ഇതൊരു വൈപരീത്യം; സ്വച്ഛവർണ്ണങ്ങളായ പൊൻനാണ്യങ്ങൾകൊണ്ടു വളരെവളരെ പവൻ ചെലവാക്കി സംഹാരായുധങ്ങൾ സംഭരിച്ചു പാരിനെ (ലോകത്തെ) കറുപ്പിയ്ക്കുന്നു, പുകപിടിപ്പിയ്ക്കുന്നു, ഇതു മറെറാരു വൈപരീത്യം!

—ജി. കെ. സി.

Digitized By Kerala Sahitya Akademi

ഋഗ്വേദപരിഭാഷ

ഒന്നും രണ്ടും വാല്യം തയ്യാറായി

മഹാകവി വള്ളത്തോൾ മലയാണ്മയിലെയ്ക്കു വിവർത്തനം ചെയ്ത, ഇന്ത്യയുടെ ആർഷസംസ്കാരത്തിന്റെ ഭണ്ഡാഗാരമായ ഋഗ്വേദസംഹിത നാലു വാല്യങ്ങളായിട്ട അച്ചടിച്ചിറക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതിന്റെ രണ്ടാംവാല്യവും ഇതാ തയ്യാറായിരിയ്ക്കുന്നു.

ഭാരതത്തിന്റെ അതിപ്രാചീനസംസ്കാരകലവറയുടെ താക്കോൽ, ഇന്ത്യൻ പ്രാദേശികഭാഷകളിൽ ഒന്നാമതായി കൈവന്നത് മലയാളത്തിനാണെന്നുള്ളതിൽ ഏതൊരു മലയാളിയാണ് അഭിമാനപുളകിതനാകാതിരിയ്ക്കുക! ഇന്ത്യയിലെ മറ്റൊരു ഭാഷയ്ക്കും കൈവന്നിട്ടില്ലാത്ത ഈ ഭാഗധേയത്തെ മലയാളികളേവരും മനംനിറഞ്ഞ ആഹ്ലാദാഭിമാനങ്ങളോടെ ആസ്വദിയ്ക്കട്ടെ!

നല്ല വെള്ളക്കടലാസ്സിൽ കമനീയമായ അച്ചടി— കെട്ടുറപ്പുള്ള കാലിക്കോ ബയിണ്ട്—മഹാകവിയുടെ കയ്യൊപ്പോടും ഛായയോടും കൂടിയ ഒന്നാംവാല്യത്തിന്ന്

വില 14ക. രണ്ടാംവാല്യത്തിന്ന് 12ക.

ഒററക്കോപ്പിയ്ക്കാവശ്യപ്പെടുന്നവർ പുസ്തകവിലയ്ക്കു പുറമെ പോസ്റ്റേജ് 1ക. 8ണ. കൂടി മുൻകൂർ അയയ്ക്കേണ്ടതാണ്

അഭിവാദ്യം—ഏററവും പുതിയ കവിതാസമാഹാരം

വില 0—10—0

മാനേജർ.

വള്ളത്തോൾ ഗ്രന്ഥാലയം,

ചെറുതുരുത്തി or തൃശ്ശൂർ,

കേരള സ്റ്റേയിററ്

Digitized By Kerala Sahitya Akademi